www.malankaralibrary.com

# ധ്വനി

ഇ ദ്വൈമാസിക
ഒക്ടോബർ 2022 ലക്കം 2



ലേഖനങ്ങൾ
പംക്തികൾ
വാർത്തകൾ

മരുഭൂമിയിലെ
മലങ്കര സഭ



ജപമാല
ചരിത്ര വഴികൾ



പിത്താശയ കല്ലുകൾ,
രോഗവും ചികിത്സയും



## ആടുകളെ തേടി വന്ന നല്ല ഇടയൻ

www.malankaralibrary.com


# ധ്വനി

ഇ ദ്വൈമാസിക

ഒക്ടോബർ 2022 ലക്കം 2






പ്രസിദ്ധീകരിക്കുന്നത്:
മലങ്കര കാത്തോലിക്ക യുവജന
പ്രാർത്ഥനകൂട്ടായ്മ
മുസഫ യു. എ. ഇ


## ഉള്ളടക്കം


| | |
|---|---|
| 1. എഡിറ്റോറിയൽ | 03 |
| 2. അസ്സീസിയൻ വഴികളിലൂടെ | 04 |
| 3. മരു ഭൂമിയിലെ മലങ്കര സഭ | 05 |
| 4. ജപമാല ചരിത്ര വഴികൾ | 07 |
| 5. സുകൃതം 2022 | 09 |
| 6. യുവജനങ്ങൾ ക്രിസ്തുവിന്റെ സഹയാത്രികർ | 11 |
| 7. ഭദ്രാസന ചരിത്ര വഴികളിലൂടെ തിരുവനന്തപുരം മേജർ അതിഭദ്രാസനം | 14 |
| 8. പിത്താശയ കല്ലുകൾ രോഗവും ചികിത്സയും | 17 |
| 9. ഭാരതത്തിലെ വിശുദ്ധർ, വി. ദേവ സഹായം പിള്ള | 19 |
| 10. ഞണ്ട് മസാല | 21 |
| 11. ക്വിസ് | 22 |
| 12. വാർത്തകൾ | 23 |



വിവരങ്ങൾക് ചീഫ് എഡിറ്റർ

dwaniemasika22@gmail.com

www.malankaralibrary.com

# എഡിറ്റോറിയൽ

ദൈവപരിപാലനയിൽ മലങ്കര കത്തോലിക്കാ സഭ 92 മത് പുനരൈക്യ വാർഷികം ഈ വർഷം ആഘോഷിക്കുമ്പോൾ, എല്ലാ മലങ്കര കത്തോലിക്കാ മക്കൾക്കും ഹൃദയം നിറഞ്ഞ, പ്രാർത്ഥനാനിർഭരമായ പുനരൈക്യ വാർഷിക ആശംസകൾ നേരുന്നു. നമുക്കേവർക്കും ദൈവപിതാവിൻറെ കരുതലിന് വിനയാന്വിതരായി നന്ദിയർപ്പിക്കാം .

പ്രതിസന്ധികൾക്ക് നടുവിൽ ലോകം നിഷ്ക്രിയമായി നിൽക്കുമ്പോൾ, മലങ്കര കത്തോലിക്കാ സഭ തങ്ങളുടെ “പുനരൈക്യം” ശക്തമായി ഉദ്ഘോഷിച്ചുകൊണ്ട് കാലത്തിനതീതമായി ദൈവസ്നേഹവും, കരുണയും, വിനയവും, ക്ഷമയും, വിട്ടുകൊടുക്കലും മാതൃകയാക്കുവാൻ ആഹ്വാനം ചെയ്തു കൊണ്ട് മുന്നേറുന്നു. ലോകരാജ്യങ്ങൾ യുദ്ധഭീഷണികൾക്കു നടുവിൽ പുനരൈക്യത്തിൻറെ സാധ്യതകൾ തേടുന്നു. സംഘർഷങ്ങൾക്ക് മുന്നിൽ സമാധാനത്തിൻറെ പ്രവർത്തികൾക്ക് ആഹ്വാനം ചെയ്യുന്നു.

1930 ൽ കത്തോലിക്കാ സഭയോട് ചേർന്നുനിന്നുകൊണ്ട് പുനരൈക്യത്തെ ഹൃദത്തിലേറ്റിയ മാർ ഈവാനിയോസ് പിതാവിൻറെ പാതകൾ പിന്തുടരുന്ന നമുക്ക്, ആഗോള കത്തോലിക്കാ സഭയുടെ സ്നേഹവും, പരിലാളനയും ഏറ്റുവാങ്ങി ഐക്യത്തിൻറെ വാഹകരാകാൻ ഈ കാലഘട്ടത്തിൽ സാധിക്കുന്നത് നമ്മുടെ പുനരൈക്യത്തിൻറെ അടിത്തറയിലാണ്.

മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദിനാൾ മോറോൺ മോർ ബസേലിയോസ് മാർ ക്ലിമീസ് കാതോലിക്ക ബാവയുടെ നേതൃത്വം സമൂഹത്തിൽ ഐക്യത്തിനും സൗഹാർദ്ദത്തിനും ദൈവസ്നേഹത്തിനും ഊന്നൽ നൽകികൊണ്ട്, ഇന്നും പുനരൈക്യത്തേ ലോകമെങ്ങും പ്രഘോഷിക്കുന്നു. ആധുനീക ലോകത്തിൽ ആത്മീയതയുടെ അന്തസത്ത മാഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു തീക്കനലായ് ദൈവസ്നേഹം ലോകത്തിന് വെളിച്ചം നൽകുന്നതുപോലെ മലങ്കര കത്തോലിക്കാസഭ, സമൂഹത്തിൽ ഒരു ചെറു തിരിനാളം ആയി വിളങ്ങുന്നു.

അത്യഭിവന്ദ്യ കർദിനാൾ മോറോൺ മോർ ബസേലിയോസ് മാർ ക്ലിമീസ് കാതോലിക്കാബാവായ്ക്ക് തന്റെ സഭാ മക്കളോടും, സമൂഹത്തോടും ഉള്ള കരുതലും സ്നേഹവും വിലമതിക്കാനാവാത്തതാണ്. ആടുകളെ തേടിവന്ന നല്ല ഇടയന്റെ പ്രത്യേകിച്ച് പ്രവാസികളായി ഗൾഫിൽ കഴിയുന്നവരോടുള്ള കരുതലും, സ്നേഹവും നന്ദിയോടെ ഓർക്കുന്നു. കാലത്തിനനുചിതമായ രീതിയിൽ സഭാമക്കളെ വളർത്തിയെടുക്കാൻ അത്യഭിവന്ദ്യ ബാവ തിരുമനസ്സ് നൽകുന്ന പ്രേഷിതദൗത്യം പുനരൈക്യത്തിൻറെ വളർച്ച തന്നെയാണ്. ഇനിയും വളരട്ടെ പുനരൈക്യത്തിലൂന്നിയ മലങ്കര കത്തോലിക്കാ സഭ ഇന്നും, എന്നും . നമ്മുടെ ആനുകാലികജീവിതത്തിൽ സഭാ മാതാവായ മലങ്കര കത്തോലിക്കാ സഭ നമ്മെ പിതാവായ ദൈവത്തിങ്കലേക്കുള്ള യാത്രയിൽ മുന്നിൽ നിന്ന് നയിക്കട്ടെ.

സ്നേഹപൂർവ്വം

ബ്ലെസ്സൻ ചരിവുപുരയിടം
ആനിമേറ്റർ

www.malankaralibrary.com







ജോബിൻ വർഗീസ്

# അസീസിയൻ വഴികളിലൂടെ

പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇറ്റലിയിലെ അസീസി എന്ന നഗരത്തിൽ ജീവിതത്തിന്റെ എല്ലാ സുഖങ്ങളും മട്ട് വരെ ഊറ്റിക്കുടിച്ചുകൊണ്ട് ലൗകികതയിൽ ആറാടി ജീവിച്ചിരുന്ന ഒരു പട്ടു വ്യാപാരിയുണ്ടായിരുന്നു,അമ്മ അവനു നൽകിയ പേര് ജിയോവാനി. പിൽക്കാലത്ത് ലോകം അദ്ദേഹത്തെ വിളിച്ചത് വിശുദ്ധ ഫ്രാൻസിസ് അസീസി എന്നാണ്. സമൃദ്ധിയുടെയും സുഖലോലുപതയുടെയും ഉയരങ്ങളിൽ നിന്ന് എളിമയുടെയും ദാരിദ്ര്യത്തിന്റെയും താഴ്മയിലേക്ക് ഇറങ്ങിവന്ന് വിശുദ്ധ ഫ്രാൻസിസ്സായി മാറുവാൻ അദേഹത്തിന് സാധിച്ചത് ഈശോയെ തൊട്ടറിഞ്ഞതു കൊണ്ട് മാത്രമാണ്.

അസീസിയിലെ ഈ വിശുദ്ധനെയാണ് മലങ്കര കത്തോലിക്കാ സഭ യുവാക്കൾക്ക് മാർഗ്ഗദർശിയും മധ്യസ്ഥനുമായി നൽകിയിരിക്കുന്നത്.വിശുദ്ധന്റെ തിരുനാളായ ഒക്ടോബർ മാസം നാലാം തീയതി മലങ്കര യുവജന സഭ യുവജന ദിനമായി ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ആഘോഷങ്ങൾക്കും അപ്പുറത്താണ് വിശുദ്ധനിൽ നിന്നും മലങ്കര കത്തോലിക്ക യുവജനസഭ ഉൾക്കൊള്ളുന്ന ജീവിതപാഠങ്ങൾ പ്രത്യേകിച്ച് ലോകത്തോടും, മനുഷ്യരോടും, സഹജീവജാലങ്ങളോടും ,പ്രകൃതിയോടുമുള്ള വി. ഫ്രാൻസിസ് അസിസിയുടെ ഇടപെടലുകൾ. ലൗകിക ,സുഖങ്ങൾക്ക് പകരം ക്രിസ്തുവിനെ ചേർത്തുപിടിച്ചുകൊണ്ടും, ദരിദ്രരോടൊത്തു ദരിദ്രനായി ജീവിചും,മറ്റ് ജീവജാലങ്ങളെ സഹോദരി സഹോദരങ്ങളായി കണക്കാക്കിയും, ദൈവത്തിൻറെ സൃഷ്ടിയായ പ്രകൃതിയെ അഗാധമായി സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ടും വിശുദ്ധൻ നമുക്ക് ഉത്തമ മാതൃകയായി.

ജീവിതത്തിൻറെ ഓട്ടപാച്ചിലുകൾക്കിടയിൽ ഏറ്റവും പുതിയ ഗാഡ്ജറ്റുകൾ സ്വന്തമാക്കിക്കൊണ്ട് നാം നമ്മെ തന്നെ അപ്ഡേറ്റ് ചെയ്ന്നു, സമൃദ്ധമായ ഭക്ഷണമേശക്കരികിലിരുന്നു കൊണ്ട് ഫേസ്ബുക്കിലൂടെയും ഇൻസ്റ്റഗ്രാമിലൂടെയും പ്രകൃതിയെ നാം സംരക്ഷിക്കുന്നു, വാട്സ്ആപ്പ് വീഡിയോകൾ ഷെയർ ചെയ്തു കൊണ്ട് പക്ഷി മൃഗാദികളോടുള്ള അനുകമ്പ നമ്മൾ കാണിക്കുന്നതിലേക്കൊക്കെ ചുരുങ്ങിപ്പോകുന്നുണ്ടോ നമ്മുടെ ജീവിതങ്ങൾ? മാറ്റം അനിവാര്യം അല്ലേ? ചിന്തയിലും ജീവിതത്തിലും.

ജിയോവാനിയിൽ നിന്ന് വിശുദ്ധ അസീസിയിലേക്ക് ഫ്രാൻസിസ് മാറിയത് ക്രിസ്തുവിനെ രുചിച്ചറിഞ്ഞപ്പോഴാണ്. ക്രിസ്തുനാഥനെ നെഞ്ചോട് ചേർത്തുകൊണ്ട് നമുക്കും പരിശ്രമിക്കാം നമ്മുടെ മധ്യസ്ഥന്റെ ജീവിതം പിന്തുടരാൻ. 'ഓ ദിവ്യ നാഥാ എന്നെ നിന്റെ സമാധാനത്തിന്റെ ഒരു ഉപകരണം ആക്കണമേ' ഏവർക്കും യുവജന ദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും.

www.malankaralibrary.com



ഫാ: മാത്യു കണ്ടത്തിൽ

# മരുഭൂമിയിലെ മലങ്കര സഭ

ഏകയോഗമായി കഴിഞ്ഞിരുന്ന ഭാരതത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ, കൂനൻകുരിശു സത്യം മൂലം മുറിവേറ്റ ഭാരതസഭയുടെ മുറിവുണക്കുന്നതിന് 1930 ലെ സഭയുടെ സാർവത്രികസഭാ പുനരൈക്യത്തിന് ഒരു പരിധിവരെ സാധിച്ചു ഇന്നും ഈ പ്രക്രിയ കുറവില്ലാതെ തുടർന്നു കൊണ്ടിരിക്കുമ്പോൾ തന്നെ സഭാതനയരോടൊത്ത് സഹയാത്രിക സഭയായി സഭ എന്നും കൂടെയുണ്ട്. ഇവിടെ ആണ് മലങ്കര സഭ പ്രവാസികളോടു കൂടെയുണ്ട് എന്ന് പറയുന്നതിന്റെ അർഥം നമുക്ക് മനസിലാവുക. 1971 ൽ 7 എമിറേറ്റുകളുടെ കൂട്ടായ്മയായി യുണൈറ്റഡ് അറബ് എമിറേറ്റ്സ് രൂപീകൃതമായ നാൾ മുതൽ ജോലിസാധ്യത തേടി കേരളക്കാർ ഈ മണലാരണ്യത്തിലേക്ക് ഒരു പ്രവാഹമായിരുന്നു.

1960 കളിൽ മലങ്കര സഭയുടെ സാന്നിധ്യം ഉണ്ടായിരുന്നെങ്കിലും 70 കളിൽ ഇത് കൂടുതൽ ശക്തി പ്രാപിച്ചു.1973 ൽ തിരുവല്ല രൂപതയുടെ അധ്യക്ഷനായിരുന്ന സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനി ദുബായ് സന്ദർശിച്ചു. യൂറോപ്പ് , അമേരിക്കൻ യാത്രക്കിടയിൽ ഏതെങ്കിലും വൈദീകൻ ഈ പ്രദേശങ്ങൾ സന്ദർശിക്കുന്നതല്ലാതെ, 1988 ൽ മാർ ഗ്രിഗോറിയോസ് തിരുമേനി ബഹു. എബ്രഹാം കാക്കനാട്ടച്ചനെ അയച്ചെങ്കിലും മറ്റ് പ്രവർത്തനങ്ങളൊന്നും നടന്നില്ല. എന്നാൽ 1998 ൽ സഭാധ്യക്ഷനായിരുന്ന സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവ അബുദാബി വികാരിയേറ്റിന്റെ അധ്യക്ഷനായിരുന്ന ബിഷപ്പ് ബെർണാഡ് ഗ്രിമെളി തിരുമേനിയുമായുള്ള കത്തിടപാടുകളുടെ ഫലമായി മണ്ണിക്കരോട്ടു കോർ എപ്പിസ്കോപ്പ യു.എ.ഇ ൽ ഔദ്യോകിക സന്ദർശനം നടത്തുകയും തുടർന്ന് യൂ.എ.ഇ മലങ്കര സഭ ഒരു നൈയാമിക സംവിധാനത്തിലേക്ക് വരുകയും ചെയ്തു.ദോഹയിൽ സേവനമനുഷ്ഠിച്ചിരുന്ന ഫാ. ചാക്കോ മണ്ണിശ്ശേരി എന്ന കപ്പൂച്ചിൻ വൈദീകൻ മൂന്ന് മാസത്തിലൊരിക്കൽ മലങ്കര കുർബാനയ്ക്കായി ദോഹയിൽ നിന്ന് യൂ.എ.ഇ ലേക്ക് വരുവാൻ തുടങ്ങി.തുടർന്ന് 2002 ൽ ജെറോം പീടികപ്പറമ്പിലച്ചനും 2004 ൽ മത്തായി ഐരാണിത്തറ അച്ചനും മലങ്കര മക്കളുടെ ആത്മീയ കാര്യങ്ങൾ ശ്രദ്ധിച്ചുപോന്നു. ഐരാണിത്തറ അച്ഛൻ യൂ.എ.ഇ ലെ വിവിധ യൂണിറ്റുകളെ ഏകോപിപ്പിച്ച് സെൻട്രൽ സമിതിക്ക് രൂപം നൽകി 2005 ന്റെ സമാപനത്തിൽ യൂ.എ.ഇ ക്കു മാത്രമായി ബഹു. പീറ്റർ കടമാൻകോട് അച്ചൻ നിയമിതനായി ജബൽ അലിയിൽ താമസമാക്കി പ്രവർത്തനമാരംഭിച്ചു. തുടർന്ന് മലങ്കര സഭയുടെ യൂ.എ.ഇ ലെ വളർച്ച അതിശീഘ്ര മായിരുന്നു

2007 ൽ സഭാധ്യക്ഷന്റെ സന്ദർശനവും ഈ വളർച്ചക്ക് ആക്കം കൂട്ടി. യൂ.എ. ഇ ലെ എല്ലാ എമിറേറ്റുകളിലും വിശുദ്ധ കുർബാന ആരംഭിക്കുന്നതിന് ഈ കാലഘട്ടത്തിൽ സാധിച്ചു. 2011 ജൂൺ മാസത്തോടുകൂടി പീറ്റർ കടമാൻകോട് അച്ചൻ സ്ഥലം മാറിപ്പോകുകയും ഫാ.മാത്യു കണ്ടത്തിൽ പ്രസ്തുത സ്ഥാനത്തേക്ക് കടന്നുവരികയും ചെയ്തു. സഹായത്തിനായി ബഹു. പയ്യംപള്ളിൽ അച്ചൻ 2015 സെപ്റ്റംബർ മാസത്തിലും ബഹു. തൈപ്പറമ്പിൽ അച്ചൻ 2018 ജനുവരി മാസത്തിലും എത്തി മുസഫ്ഫ കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചു.

സംഘാതമായ ഒരു മുന്നേറ്റത്തിന്റെ ദശാബ്ദ കാലഘട്ടമായിരുന്നു തുടർന്നുള്ളത്. യൂ.എ.ഇ സെൻട്രൽ സമിതിയോട് ചേർന്നുനിന്നുകൊണ്ട് M.C.Y.M, M.C.C.L മാതൃസമാജം മതാദ്ധ്യാപക സമിതി എന്നീ പോഷക സംഘടനകളുടെ സെൻട്രൽ സമിതി രൂപീകൃതമായി. നിയതമായ കർമ പരിപാടികളോടെ ഓരോ സമിതികളും പ്രവർത്തനമാരംഭിച്ചു. വർഷത്തിലൊരിക്കൽ സഭാപ്രതിനിധികളുടെ കൂടിവരവും സഭാസംഗമവും ക്രമീകരിച്ചു. പ്രവാസികളായ ഗൾഫ് കാരുടെ സംഗമം തുടക്കത്തിൽ തിരുവനന്തപുരത്തു വെച്ചും രണ്ടാമത് 15 അഭിവന്ദ്യ പിതാക്കന്മാരുടെ മഹനീയ സാന്നിധ്യത്തിൽ യൂ.എ.ഇ ലെ റാസൽഖൈമയിൽ വെച്ചും നടന്നു. ക്യാമ്പുകളിൽ ഒറ്റപ്പെട്ടു താമസിച്ചിരുന്ന ചെറുപ്പക്കാർ ബാച്ച്ലേർസ് മിനിസ്ട്രിയിൽ സജീവമായി.

www.malankaralibrary.com



വാഹന സൗകര്യം ഇല്ലാത്തവരെ പ്രതേക വാഹനങ്ങൾ ക്രമീകരിച്ച് ദേവാലയങ്ങളിലേക്ക് എത്തിക്കുവാൻ തുടങ്ങി. ഇതോടെ മലങ്കര കുർബാനകൾക്കും മറ്റ് തിരുന്നാളുകൾക്കും ദേവാലയങ്ങൾ നിറഞ്ഞു കവിഞ്ഞു. ഏതെങ്കിലും വിധത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും കൂടെ സഭ ഒറ്റകെട്ടായി നിന്നു . എല്ലാ ആഴ്ചകളിലുള്ള പരിശുദ്ധ കുർബാനകളും കുട്ടികളുടെ വേദപാഠ ക്ലാസ്സുകളും ഏരിയ തിരിച്ചുള്ള പ്രാർത്ഥനയോഗവും മാതൃസമാജങ്ങളുടെ കൂടിവരവും നേഴ്സസ് മിനിസ്ട്രിയും യുവജന മുന്നേറ്റവും ഒരിക്കലും മായാത്ത മുദ്രകളായി മനസ്സിൽ കിടക്കുന്നു .8 നോമ്പിലെ നിരന്തരമായ കൂടിവരവുകളും സമാപനദിനങ്ങളിലെ ദേവാലയത്തിനു ചുറ്റുമുള്ള പ്രദക്ഷിണവും മനസ്സിൽ നിറഞ്ഞുനില്ക്കുന്നു. മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മത്തിരുന്നാളിന് ഒരുക്കമായുള്ള പ്രാർത്ഥനാദിനങ്ങളും സമാപനത്തിൽ വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള വള്ളികുരിശ് പ്രയാണങ്ങൾ ഒന്നിച്ചു പള്ളിയങ്കണത്തിൽ സംഗമിച്ച്, വള്ളികുരിശും മാർ ഈവാനിയോസ് തിരുമേനിയുടെ ഛായാചിത്രവും വഹിച്ചുകൊണ്ട് ജനങ്ങൾ കാഷായ വസ്ത്രധാരികളായി പള്ളിയങ്കണത്തിലൂടെ മന്ദം മന്ദം നടന്നുനീങ്ങുന്നത് വിദേശികൾ പോലും ആവേശത്തോടെ നോക്കിനിൽക്കുന്നത് വേറിട്ടൊരു കാഴ്ച്ച തന്നെയായിരുന്നു. ദേവാലയം മുഴുവൻ കാഷായ വസ്ത്രധാരികളെകൊണ്ട് പട്ടു പുതപ്പിച്ചത് ചരിത്രസംഭവമാണ്.

പുനരൈക്യപ്രസ്ഥാനത്തിന്റെ മക്കളുടെ മുന്നേറ്റം ചരിത്രത്തിന്റെ ഏടുകളിൽ കുറിച്ചിടുവാൻ തക്കവിധമായിരുന്നു യൂ.എ.ഇ ലെ റാസൽഖൈമയിൽ വെച്ച് നടത്തിയ രണ്ടാമത് ഗൾഫ് മീറ്റ്. സഭാധ്യക്ഷനായ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ വന്ദ്യരായ 15 പിതാക്കന്മാരും ഗൾഫ് മേഖലയിൽ ശുശ്രൂഷ ചെയ്യുന്ന വൈദീകരും ഗൾഫ് നാടുകളിലെ വിശ്വാസികളും ആയിരങ്ങളായി അണിനിരന്നപ്പോൾ കേരളത്തിന് പുറത്തു നടന്ന ഏറ്റവും വലിയ സഭാസംഗമമായി ഇത് ചരിത്രത്തിൽ ഇടം പിടിച്ചു. കൊറോണ മഹാമാരി ലോകത്തെ മുഴുവൻ കാർന്നു തിന്നു കൊണ്ടിരുന്നപ്പോൾ ക്യാമ്പുകളിൽ ഒറ്റപ്പെട്ടു പോയവർക്കും രോഗബാധിതരായി മുറികളിൽ കഴിഞ്ഞവർക്കും താങ്ങായി, തണലായി നമ്മുടെ സഭ ഒറ്റകെട്ടായി നിന്നു. ഉറ്റവരും ഉടയവരും നാട്ടിൽ രോഗത്തിന് കീഴ്പ്പെട്ടു വിടപറഞ്ഞപ്പോൾ അവരുടെ സംസ്കാരത്തിൽ പോലും പങ്കെടുക്കുവാൻ സാധിക്കാതെ മനം നൊന്തുനിന്നവർക്കൊപ്പം സമൂഹം ഒന്നായി അണി ചേർന്നു. ആശുപത്രികളിൽ ജോലി ചെയ്യുന്ന നേഴ്സ്മാരുടെ അവസ്ഥ അധികഠിനമായിരുന്നു. രോഗബാധിതരായ നഴ്സ്മാരെ രോഗികളുടെ ക്യാമ്പിലേക്ക് മാറ്റി. കുഞ്ഞുങ്ങളെയും കുടുംബത്തെയും അകന്ന് രോഗിയായി വിറങ്ങലിച്ചു നിന്ന സഹോദരങ്ങളുടെ അവസ്ഥ, ഇവിടെയെല്ലാം സഭാമക്കൾ പരസ്പരം കൈകോർത്തുപിടിച്ച് ഭക്ഷണപൊതിയായും, ഭക്ഷണസാധനങ്ങളായും, ആശ്വാസവാക്കുകളുമായി



മുസഫ പള്ളിയിലെ ആദ്യത്തെ മലങ്കര കുർബാനയിൽ നിന്ന്

ധൈര്യം പകർന്നു കൂടെയുണ്ടായിരുന്നു. നവമാധ്യമങ്ങളെ എങ്ങനെ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാമെന്നു പഠിപ്പിച്ച കാലഘട്ടമായിരുന്നു അത്.'ദൈവദാസൻമാർ ഈവാനിയോസിന്റെ പാദത്തിങ്കൽ'എന്ന യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ആരാധനയും, കുട്ടികളുടെ മെനോറ ക്യാമ്പും ആർക്കും ഒരിക്കലും മറക്കാൻ കഴിയുകയില്ല. 'ഈവാനിയൻ യാത്ര' രണ്ടുപുസ്തകങ്ങളായി –" ദൈവസമ്പാദനം MAR IVANIOS-PERSON, IMPACT AND RELEVANCE"- "പുനരൈക്യയാത്ര ഇപ്പോൾ പണിപ്പുരയിലാണ്. IVANIAN GLOBAL QUIZ ചരിത്ര സംഭവമാണ്.

ഇതെല്ലം സൂചിപ്പിച്ചത് മലങ്കര കത്തോലിക്കാ സഭ പ്രവാസികളുടെകൂടെപ്പോകുന്ന സഭയാണെന്ന് സൂചിപ്പിക്കുന്നതിനാണ്. പ്രത്യേകിച്ച് ലത്തീൻ സഭയുടെ നിയതമായ ചട്ടക്കൂട്ടിൽ രൂപപ്പെട്ടുവന്ന പ്രവാസി മലങ്കര കൂട്ടായ്മ അതിന്റെ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിനു വളർത്തി എടുക്കുന്നതിനും സഭ എന്നും ശ്രദ്ധിച്ചിരുന്നു. സഭ പിതാക്കന്മാരുടെ പ്രത്യേക പരിഗണനയും ലാളനയും ഏറ്റുവാങ്ങിയ ഒരു സമൂഹമാണ് ഗൾഫ് മലങ്കര മക്കൾ.അവധിക്കാലത്തും മറ്റും നാട്ടിൽ വരുമ്പോൾ വീട്ടിലും മറ്റും നടത്തുന്ന ആഘോഷപരിപാടികൾ ഒരു ചെറിയ ഗൾഫ് സംഗമത്തിന്റെ വേദികളായി പരിണമിക്കാറുണ്ട്. പ്രവാസികൾ തമ്മിലുള്ള ആത്മബന്ധം അത്രമാത്രം ആഴപ്പെട്ടുകഴിഞ്ഞു. തങ്ങൾ ഒറ്റക്കല്ല എന്നുള്ള അനുഭവം ഇവർക്ക് കൂടുതൽ ബലം നൽകുന്നുഎവിടെ ചെന്നാലും ഏതു വിപരീതസാഹചര്യത്തിലും മലങ്കര സഭ അതിന്റെ തനിമ കാത്തുസൂക്ഷിച്ചുകൊണ്ട് വളർന്നു പന്തലിക്കുവാൻ സാധിക്കുമെന്നതിനു തെളിവാണ് യൂ.എ.ഇ ലെ മലങ്കര സഭ.

വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന യൂ.എ.ഇ മലങ്കര സഭയ്ക്ക് 2021 മാർച്ച് മാസം മുതൽ ബഹു. റജി മണയ്ക്കലേട്ടച്ചനും ബഹു. മാത്യൂസ് ആലുംമൂട്ടിൽ അച്ചനും ആത്മീയനേതൃത്വം നൽകിവരുന്നു



www.malankaralibrary.com



ലിജി സരുൺ

# ജപമാല ചരിത്ര വഴികൾ

**പ**രിശുദ്ധ കന്യകയോടുള്ള സഭയുടെ വണക്കം ക്രൈസ്തവ ആരാധനയുടെ ഒരു സ്വാഭാവിക ഘടനയാണ്. അതിപുരാതനകാലം മുതൽ ദൈവമാതാവ് എന്ന സ്ഥാന പേരിൽ മറിയം ബഹുമാനിക്കപ്പെടുകയും ആവശ്യങ്ങളിലും അപകടങ്ങളിലുംവിശ്വാസികൾ പ്രാർത്ഥനാപൂർവ്വം അവളിൽ ആശ്രയം തേടുകയും ചെയ്തിരുന്നു. ദൈവമാതാവിനോടുള്ള വിശേഷ വണക്കം ഏറ്റം പ്രകാശിതമായിരിക്കുന്നത് സുവിശേഷം മുഴുവന്റെയും സംഗ്രഹമായ ജപമാല പ്രാർത്ഥനയിലൂടെയാണെന്ന് പറയാം. ദൈവപ്രേരിതമായി പരിശുദ്ധ ദൈവമാതാവിലൂടെ ലഭിച്ച അമൂല്യനിധിയാണ് ജപമാല.

ഒക്ടോബർ മാസം ജപമാലയുടെ മാസമായാണല്ലോ അറിയപ്പെടുന്നത്.ക്രിസ്തുമതത്തിൽ ഏതാണ്ട് ആദ്യം നൂറ്റാണ്ടുകളിൽ തന്നെ ജപമണികളുടെ ഉപയോഗം പ്രചാരത്തിലിരുന്നു. എന്നാൽ അത് ഒരു നിയത രൂപം പ്രാപിച്ചത് മധ്യശതകങ്ങളിൽ ആയിരുന്നു. ഡൊമനിക്കൻ സന്യാസ സഭാ സമൂഹ സ്ഥാപകനായിരുന്ന വിശുദ്ധ ഡൊമനിക്കിന് 1206 ൽ ദൈവമാതാവ് പ്രത്യക്ഷപ്പെട്ട് ജപമാല നൽകിക്കൊണ്ട്, അന്ന് സഭക്കെതിരായി പടർന്നുപിടിച്ച പാഷൺഡതകൾക്കെതിരെ ജപമാല പ്രഘോഷിക്കുവാൻ ആവശ്യപ്പെട്ടു. അതിന്റെ ഫലമായി ആ പാഷൺഡികൾ മാനസാന്തരപ്പെട്ടു. തുടർന്ന് മറ്റൊരു സഭാ വൈദികനായിരുന്ന വാഴ്ത്തപ്പെട്ട അലന് മാതാവ് പ്രത്യക്ഷപ്പെട്ട് ജപമാല ഭക്തി പുനരുദ്ധരിക്കാൻ നിർദ്ദേശിച്ചു. അദ്ദേഹമാണ് ജപമാല രഹസ്യങ്ങളെ 5 ന്റെ വീതം മൂന്ന് ഗണം ആക്കി തിരിച്ചത്. അവ കാലാന്തരത്തിൽ സന്തോഷ, ദുഃഖ, മഹിമ, രഹസ്യങ്ങൾ എന്നറിയപ്പെട്ടു. മധ്യ ശതകങ്ങളിൽ ഡൊമനിക്കൻ സഭാംഗങ്ങളിൽ കൂടെ ജപമാല ഭക്തി വളർന്നുവന്നു. പിൽക്കാലത്ത് ജപമാല ഭക്തിയുടെ പ്രചുര പ്രചാരത്തിന് തിരുവെഴുത്തുകളിലൂടെയുള്ള മാർപാപ്പമാരുടെ പ്രചോദനവും ആഹ്വാനവും ആയിരുന്നു നിമിത്തമായത്. ലെയോ 13 മൻ മാർപാപ്പ മുതൽ ഫ്രാൻസിസ് പാപ്പാ വരെ ജപമാല പ്രാർത്ഥനയെ കുറിച്ച് ഏതാണ്ട് നൂറോളം തിരുവെഴുത്തുകളും സന്ദേശങ്ങളും പുറത്തിറക്കിയിട്ടുണ്ട്. പീയൂസ് അഞ്ചാമൻ മാർപാപ്പയുടെ ആഹ്വാനപ്രകാരം

www.malankaralibrary.com

നടത്തിയ ജപമാല പ്രാർത്ഥനയുടെ ശക്തിയാൽ ആണ് ക്രിസ്തുമത വിരോധികളായ ഓട്ടോമൻ സൈന്യത്തെ 1571 ഒക്ടോബർ 7 ന് യൂറോപ്യൻക്രിസ്ത്യൻ സേനയ്ക്ക് പരാജയപ്പെടുത്താൻ കഴിഞ്ഞത്. ഈ വിജയം ഒക്ടോബർ 7 ജയ മാതാവിന്റെ തിരുനാളായും പിന്നീട് ജപമാല രാജ്ഞിയുടെ തിരുനാൾ എന്ന് പുനർനാമകരണം ചെയ്യുകയും, ഒക്ടോബർ മാസം ജപമാല മാസമായി പ്രഖ്യാപിക്കുകയും ചെയ്തു. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ 2002 2003 ജപമാല വർഷമായും യേശുവിന്റെ ജ്ഞാനസ്നാനം മുതൽ വിശുദ്ധ കുർബാന സ്ഥാപനം വരെയുള്ള പ്രധാന സുവിശേഷ സംഭവങ്ങൾ ചേർത്തിണക്കി 'പ്രകാശത്തിന്റെ രഹസ്യങ്ങൾ' ജപമാല പ്രാർത്ഥനയോടെ കൂട്ടിച്ചേർക്കുകയും ചെയ്തു. ജപമാല പ്രാർത്ഥന ആരാധനക്രമത്തിലേക്കുള്ള ശ്രേഷ്ഠമായ ആമുഖവും അതിന്റെ വിശ്വസ്തമായ പ്രതിധ്വനിയുമാണ്.

എന്നാൽ ഒരു ഭക്താഭ്യാസമെന്ന നിലയിൽ ആരാധനാക്രമ അനുഷ്ഠാനങ്ങൾക്കോ, യാമ പ്രാർത്ഥനയ്ക്കോ പകരം ഇവ കണക്കാക്കാൻ പാടില്ല. ആരാധനക്രമം അതിന്റെ സ്വഭാവത്താൽ തന്നെ എല്ലാ ഭക്താഭ്യാസത്തേക്കാളും അത്യന്തം ശ്രേഷ്ഠമാണ്.

സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ വിശുദ്ധ കുർബാന കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സഹായിച്ച അനുഷ്ഠാനമാണ് ജപമാല പ്രാർത്ഥന. ആകുലതയിലും, ഒറ്റപ്പെടലിലും, ഏകാന്തതയിലും,പൈശാചിക പോരാട്ടങ്ങളിലും അനേകായിരങ്ങളെ താങ്ങി നിർത്തിയത് ജപമാല പ്രാർത്ഥനയാണ്. തിന്മയെ പ്രതിരോധിക്കുന്നതിനുള്ള ദൈവീക ഉപകരണ മാണിത്. രക്ഷകന്റെ അമ്മയെ സ്വന്തമാക്കാനും രക്ഷ സ്വന്തമാക്കാനും ഉള്ള ഉദാത്തമായ ഒരു മാർഗ്ഗമാണിത്. നമ്മുടെ ആത്മീയ വളർച്ചയ്ക്കും രൂപീകരണത്തിനും ജപമാല പ്രാർത്ഥന ചൊല്ലുന്നത് ഏറ്റവും ഉചിതമാണ്. മാതാവിന്റെ ബഹുമാനാർത്ഥമുള്ള മധ്യസ്ഥ പ്രാർത്ഥനകളുടെ ഒരു ഭാഗം തന്നെയായി ജപമാലയെ കാണാൻ നമുക്ക് കഴിയണം.

## ആദരാഞ്ജലികൾ



**മത്തായി**
**പാറനാട്ടു പുത്തൻപുരക്കൽ**
*F/ O* **ഷിജിൻ മത്തായി**



**മോളി ജോർജ്**
**പുതുമന ഹൗസ് വട്ടുള്ളി**
*M/O* **ബോണി ജോർജ്**

www.malankaralibrary.com



# സുകൃതം 2022

കണ്ണെത്താ ദൂരത്തോളം പടർന്നു കിടക്കുന്ന അറേബ്യയുടെ മണൽ പാടത്ത്, ഉരുകി ഒലിക്കുന്ന സൂര്യനു കീഴിൽ,നാളെയുടെ സ്വപ്നങ്ങളെയും ചിറകിലേറ്റിക്കൊണ്ട് പിറന്ന നാടും വളർന്ന മണ്ണും, വീടിന്റെയും നാടിന്റെയും നല്ല ഭാവിക്കായി പിന്നിൽ ഉപേക്ഷിച്ച് ജീവിതം ആരംഭിച്ചവൻ 'ഗൾഫ് പ്രവാസി'. കഠിനാധ്വാനവും അർപ്പണമനോഭാവംവും കൈമുതലാക്കിക്കൊണ്ട് ഇവിടെ ജീവിതം കെട്ടിപ്പടുക്കുമ്പോഴും തന്റെ സ്രഷ്ടാവിനോടുള്ള സ്നേഹവും വിശ്വാസവും തലമുറകളായി തനിക്ക് കൈമാറി കിട്ടിയ മലങ്കര കത്തോലിക്കാ സഭയുടെ പാരമ്പര്യവും പൈതൃകവും മുറുകെപ്പിടിക്കുന്നു എന്നതിന്റെ തെളിവാണ് യുഎഇ, കുവൈറ്റ്, ഒമാൻ, സൗദി അറേബ്യ, ബഹറിൻ, ഖത്തർ എന്നിവിടങ്ങളിലെ വിശ്വാസ സമൂഹ പ്രതിനിധികൾ മലങ്കര കത്തോലിക്കാ സഭ സത്യസഭയോട് പുനരൈക്ക്യപ്പെട്ടതിന്റെ 92ആമത് വാർഷികം ആഘോഷിക്കാനായി യുഎഇയിൽ ഒരുമിച്ചു കൂടിയത്.

2022 സെപ്റ്റംബർ പതിനേഴാം തീയതി ഷാർജ സെന്റ് മൈക്കിൾ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട സുകൃതം എന്ന പുനരൈക്ക്യ ആഘോഷവേളയിൽ യുഎഇയിലെ വിവിധയിടങ്ങളിലെ വിശ്വാസികളും മറ്റു ഗൾഫ് രാജ്യങ്ങളിൽ നിന്നായി നിരവധി പ്രതിനിധികളും സംബന്ധിച്ചു. സഭയുടെ തലവനും പിതാവുമായ അത്യഅഭിവന്ദ്യ കർദിനാൾ ബസേലിയോസ് മോർ ക്ലീമിസ് കാതോലിക്കാ ബാവായും, ഗൾഫ് മേഖലയിലെ മുഴുവൻ വൈദികരുടെയും സാന്നിധ്യം സുകൃതത്തിന് മാറ്റുകൂട്ടി. ഗൾഫ് മേഖലയിലെ വിശ്വാസ സമൂഹത്തിനെ തുറന്ന ഹൃദയത്തോട് കൂടി കേൾക്കുകയും വിശ്വാസ സമൂഹം ഉന്നയിച്ച ആശങ്കകൾക്ക് പരിഹാരം നിർദ്ദേശിക്കുകയും, അവയെ തിരുവല്ലയിൽ വച്ച് നടന്ന പുനരൈക്യ ആഘോഷവേളയിൽ സഭ മുഴുവനുമായും പങ്കുവെച്ചുകൊണ്ട് ഗൾഫ് മേഖലയിലെ മലങ്കര വിശ്വാസ സമൂഹത്തിന് തന്റെയും സഭയുടെയും ഹൃദയത്തിലുള്ള സ്ഥാനം അത്യഭിവന്ദ്യ ബാവ തിരുമേനി വ്യക്തമാക്കി.

വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന പ്രതിനിധികൾ ഒന്നിച്ചിരുന്നു കൊണ്ട് തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും, സാധ്യമായവയ്ക്കെല്ലാം പരിഹാരമാർഗ്ഗങ്ങൾ ആരായുകയും ചെയ്തു. സഭയുടെയും ഭാവി തലമുറകളുടെയും വിശ്വാസ പരിശീലനത്തിനും കരുതലിനും തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന പൊതുവികാരം പ്രതിനിധി സമ്മേളനത്തിൽ ഉയർന്നു വന്നു. പിറവം മുൻസിപ്പൽ ചെയർപേഴ്സൺ ആയിരുന്ന ശ്രീമതി ഏലിയാമ്മ ഫിലിപ്പിന്റെ സാന്നിധ്യവും വാക്കുകളും സ്ത്രീശക്തികരണത്തിന്റെ ഉത്തമ മാതൃകയായി.

പരസ്പരം അകറ്റിനിർത്തുന്ന എല്ലാ മതിൽക്കെട്ടുകളെയും ഇല്ലാതാക്കി ഒരു സമൂഹമായി ജീവിക്കാനുള്ള ആഹ്വാനമാണ് ഓരോ വിശ്വാസിക്കും മുന്നിൽ സഭ വച്ചിരിക്കുന്ന വെല്ലുവിളി. ദ്രുതഗതിയിൽ മാറുന്ന ലോകത്തിൽ കത്തോലിക്കാ സഭയുടെ വിശ്വാസം പ്രതിഫലിക്കണം, പ്രതിസന്ധികളിലും ബുദ്ധിമുട്ടിലും കഴിയുന്നവർക്ക് ആശ്വാസമേകാൻ സ്വയം സമർപ്പിച്ച്, ക്രിസ്തീയ വിശ്വാസത്തിൻറെ വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തരാകണം എന്നും ബാവ തിരുമേനി ഓർമിപ്പിച്ചു. പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷങ്ങളിലേക്കുള്ള ആവേശമായ തുടക്കമാണ് സുകൃതം 2022 എന്നും ബാവ തിരുമേനി പറഞ്ഞു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ പോൾ ഹിന്റെർ പിതാവിന് യാത്രയയപ്പും പുതുതായി സ്ഥാനമേറ്റ അഭിവന്ദ്യ പൗലോ മാർടിനെല്ലി പിതാവിനു സ്വീകരണവും നൽകി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള 92 പേർ ചേർന്ന് ആലപിച്ച പുനരൈക്യ ഗാനം കൂട്ടായ്മയുടെയും ഒരുമയുടെയും വിജയം വിളിച്ചോതുന്നതായിരുന്നു. മുണ്ടൻ മലയുടെ മണ്ടയ്ക്ക് ബഥനി കൊളുത്തിയ ദീപശിഖ ഗൾഫ് മേഖലയിൽ കെടാതെ സൂക്ഷിക്കുവാൻ ജീവനും തേജസും ഓജസും ഉള്ള വിശ്വാസ സമൂഹമായി നമുക്കുമാറാം.

www.malankaralibrary.com

# സുകൃത നിമിഷങ്ങൾ







പ്രഭോ, ഞാൻ അവിടുത്തെയും
അവിടുന്ന് എൻറെയും ആകുന്നു
അവിടെ എന്നെ വീണ്ടെടുക്കേണമേ

ദൈവദാസൻ മാർ ഇവാനിയോസ്

www.malankaralibrary.com



ഫാ.മാത്യൂസ് ആലുംമൂട്ടിൽ

# യുവജനങ്ങൾ ക്രിസ്തുവിന്റെ സഹയാത്രികർ

മലങ്കര കത്തോലിക്കാ സഭ യുവജനപ്രസ്ഥാനത്തിന്റെ സ്വർഗീയ മധ്യസ്ഥനായ അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ ആഘോഷിക്കുന്ന ഒക്ടോബർ മാസം മലങ്കര സഭയിലെ യുവജനങ്ങളെ സംബന്ധിച്ച് തിരിഞ്ഞുനോട്ടത്തിന്റെയും, വിലയിരുത്തലിന്റെയും, പുനർ സമർപ്പണത്തിന്റെയും ദിവസങ്ങളാണ്. ഭൗതികതയുടെ പിന്നാലെ അലഞ്ഞു സ്വത്വബോധം നഷ്ടപ്പെട്ടുപോകുന്ന ഒരു യുവതലമുറ ഈ കാലഘട്ടത്തിൽ ഒരു നിത്യ കാഴ്ചയായി മാറുന്നു എന്നത് നമ്മെ വല്ലാതെ ഭയപ്പെടുത്തുന്ന ഒരു ചിന്തയാണ്. മദ്യവും മയക്കുമരുന്നുകളും മറ്റ് മാനസിക ഉല്ലാസ ഉപാധികളും ഒരുക്കുന്ന ഒരു മായിക പ്രപഞ്ചത്തിൽ താൻ ആരാണ്? തന്റെ ലക്ഷ്യം എന്താണ് എന്ന തിരിച്ചറിവ് നഷ്ടപ്പെട്ടുപോകുന്നു ഒരു തലമുറ, ബന്ധങ്ങളും സ്വന്തങ്ങളും ഒക്കെ ഉപഭോഗ സംസ്കാരത്തിന്റെ അടിസ്ഥാന സ്വഭാവമായ ഉപയോഗിക്കുക ഉപേക്ഷിക്കുക എന്ന മാനദണ്ഡത്തിൽ മാത്രം ഊന്നിനിന്നുകൊണ്ട് വിലയിരുത്തുന്ന ഒരു തലമുറ, ഇവിടെയാണ് രണ്ടാം ക്രിസ്തു എന്ന പരക്കെ അറിയപ്പെടുന്ന അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതം നമ്മുടെ യുവജനങ്ങൾക്ക് പ്രചോദനമാകേണ്ടത് പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളുടെ നടുവിൽ നിന്നുകൊണ്ട് ത്യാഗപൂർണ്ണമായ താപസ ജീവിതത്തിലൂടെയും പ്രാർത്ഥന അനുഭവത്തിലൂടെയും ഉപവി പ്രവർത്തനങ്ങളിലൂടെയും സ്ഫുടം ചെയ്തെടുത്ത എളിമ എന്ന പുണ്യം ഭൗതികതയുടെ മനം മയക്കുന്ന മയിക പ്രപഞ്ചത്തിൽ നിന്ന് ഓടി അകലാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. എല്ലാ സൃഷ്ടിജാലങ്ങളിലും ക്രിസ്തുവിന്റെ സാമീപ്യം കണ്ടെത്തിയ അദ്ദേഹം മനുഷ്യനെയും പ്രപഞ്ചത്തെയും ക്രിസ്തുവിന്റെ കണ്ണിലൂടെ നോക്കിക്കാണാൻ പഠിച്ചു.അപ്പോൾ മുതൽ അവയെല്ലാം അദ്ദേഹത്തിന് ദൈവസൃഷ്ടിയിൽ ഒന്ന് എന്നതിനപ്പുറം തന്റെ സഹോദരനും സഹോദരിയും ആകാൻ തുടങ്ങി.പുല്ലും ,പൂവും കാടും ,മലയും, കാട്ടാറുകളും ,കിളികളും, മൃഗങ്ങളും, ഹിംസ്രജന്തുക്കളും ഉൾപ്പെടെ അയാളുടെ സാന്നിധ്യവും സാമീപ്യം ആഗ്രഹിക്കാൻ തുടങ്ങി. സമൂഹത്തിന്റെ വെളിം പ്രദേശതത്തേക്ക് മാറ്റിനിർത്തപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ഒക്കെ അദ്ദേഹത്തിന്റെ സൗഹൃദ വലയത്തിലെ ആദ്യ കണ്ണികളായി കണക്കാക്കാൻ തുടങ്ങി. 'ദൈവമേ എന്നെ അവിടത്തെ സമാധാനത്തിന്റെ ഉപകരണം ആക്കി മാറ്റണമെ' എന്ന് ഉറക്കെ പാടി നടക്കുന്ന ഉന്മാദിയായ ഒരു തെരുവ് ഗായകനായി അസീസിയിലെ ഫ്രാൻസിസ് രൂപാന്തരപ്പെട്ടു. ബൗദ്ധിക നേട്ടങ്ങൾക്കു മുൻപിൽ മനുഷ്യബന്ധങ്ങൾക്ക് അല്പം പോലും വില കൽപ്പിക്കാത്ത, സ്വന്ത നേട്ടത്തിനായി പ്രകൃതിയും, മനുഷ്യനെയും കനിവില്ലാതെ ചൂഷണം ചെയ്യുന്ന
' അഹംഭാവത്തിൽ' അഭിരമിച്, ആത്മീയതയെ തള്ളിപ്പറഞ്ഞു മുന്നോട്ടുപോകുന്ന ഈ 'കെട്ട കാലത്തിൽ' അസീസിയിലെ ഫ്രാൻസിസിനെ പിന്തുടരുന്ന ഒരു തലമുറ ഉയർന്നുവ രണമെന്ന് മറ്റൊരു നാളുമില്ലാത്തതുപോലെ പ്രാർത്ഥിക്കാൻ നമുക്ക് കടമയുണ്ട്.

ആൽമബോധവും, ഉന്നതമായ ധാർമികതയുമുള്ള മനസ്സാക്ഷി മരവിക്കാത്ത ഒരു യുവതലമുറയ്ക്ക് രൂപം നൽകാനുള്ള പശ്ചാത്തലം ഒരുക്കുക എന്നത് ക്രിസ്തുവിന്റെ മൗലികശരീരമായ സഭയ്ക്ക് മേൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന പ്രധാന ദൗത്യം ആണ്. അതുകൊണ്ടുതന്നെ തിരുസഭ യുവാക്കളെ അത്യധികം സ്നേഹിക്കുന്നു. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങളോട് പറഞ്ഞത് 'നിങ്ങളുടെ യുവത്വം നിങ്ങളുടെ മാത്രം സ്വത്തല്ല നിങ്ങളുടെ സ്വകാര്യ സ്വത്തോ, ഒരു തലമുറയുടെ സ്വത്തോ അല്ല.മറിച്ച് പ്രപഞ്ചം മുഴുവനും ഉള്ള ഓരോ മനുഷ്യനും അവന്റെ ജീവിതയാത്രയിൽ ചരിക്കുന്ന ആ പ്രത്യേക തലത്തിന് അവകാശപ്പെട്ടതാണ്. അതേസമയം അത് ഓരോരുത്തർക്കും അവകാശപ്പെട്ട ഒരു പ്രത്യേക സമ്പത്തും ആണ്. അത് മാനവികതയുടെ തന്നെ സമ്പത്താണ്. (*Letter on the occasion of international youth year*).

www.malankaralibrary.com

യുവാക്കളെ കുറിച്ച് ഫ്രാൻസിസ് മാർപാപ്പ പറയുന്നത് യുവത നമ്മുടെ 'നാളെ' അല്ല, ഇടക്കാലമല്ല മറിച്ച് ദൈവത്തിന്റെ 'ഇപ്പൊൾ' ആണ്. അതുകൊണ്ട് തന്നെ സഭയുടെ ഭാവിയും വർത്തമാനവും എല്ലാം മൂല്യാധിഷ്ഠിത ജീവിതം പ്രാധാന്യം നൽകുന്ന ഒരു യുവജന കൂട്ടായ്മയുടെ രൂപീകരണത്തെ ആശ്രയിച്ചിരിക്കുന്നു.

ഇങ്ങനെ ഒരു കൂട്ടായ്മയ്ക്ക് അടിസ്ഥാനപരമായി ഉണ്ടാകേണ്ട മനോഭാവം പരിശുദ്ധ കന്യകാമറിയത്തിന്റെ മനോഭാവമാണ്. ഇത്തരുണത്തിൽ 2023 ഓഗസ്റ്റ് മാസം ലിസ്ബണിൽ നടക്കാനിരിക്കുന്ന ആഗോള യുവജനദിനത്തിന്റെ ചിന്താവിഷയമായി തിരഞ്ഞെടുത്തിരിക്കുന്ന' Mary arouse and went with haste ' ( മറിയം എഴുന്നേറ്റു, തിടുക്കത്തിൽ യാത്ര പുറപ്പെട്ടു) എന്നതിനെക്കുറിച്ച് അല്പം ചിന്തിക്കുന്നത് നന്നായിരിക്കും. ദൈവ കൃപയാൽ നിറയപ്പെട്ട പരിശുദ്ധ മറിയത്തിന്റെ ശ്രദ്ധ മുഴുവൻ പിന്നീട് തന്നിൽ നിന്ന് മാറി അപരിനിലേക്ക് ആയിരുന്നു, പ്രത്യേകിച്ച് കൂടുതൽ സഹായം ആവശ്യമുള്ളവരിലേക്ക്. അതുകൊണ്ടാണ് തന്നെ മറന്ന് തന്റെ ഇളയമ്മയായ എലിസബത്തിന്റെ അടുത്തേക്ക് മറിയം തിടുക്കത്തിൽ യാത്ര പുറപ്പെട്ടത്. യാത്രയുടെ പിന്നിലെ രണ്ട് ലക്ഷ്യങ്ങളിൽ ആദ്യത്തേത് തങ്ങൾക്ക് ലഭ്യമായ ദൈവാനുഭവത്തിന് ഒന്നിച്ച് ദൈവത്തെ മഹത്വപ്പെടുത്തുക അങ്ങനെ പരസ്പരം സന്തോഷത്തിൽ പങ്കുചേർന്ന് അനുഭവിച്ച ആത്മീക ആനന്ദം കൂടുതൽ ഉജ്ജ്വലിപ്പിക്കുക, രണ്ടാമത് ശാരീരിക ആവശ്യങ്ങളിൽ താങ്ങായി നിൽക്കുക.

അപരിനിലേക്ക് പട രാൻ കഴിയാതെ ഉള്ളിലേക്ക് ചുരുങ്ങി കൊണ്ടിരിക്കുന്ന ഒരു സമൂഹം, ഉള്ളിലേക്ക് ശുദ്ധവായുവും, പ്രകാശവും കടന്നുവരുന്ന,നമ്മുടെ കാഴ്ചകളെ വിശാലമാക്കി തീർക്കുന്ന വാതായനങ്ങളും, ജനാലകളും അടച്ചുപൂട്ടി, ഉള്ളിലെ ദുർഗന്ധവും, ആരോഗ്യകരമല്ലാത്ത അന്തരീക്ഷവും ആസ്വദിച്ച് തന്നിലേക്ക് തന്നെ ചുരുങ്ങി ചുരുങ്ങി ഇല്ലാതാകുന്ന പ്രവണത ഭയാനകമാണ്.

എനിക്ക് ചുറ്റും നടക്കുന്ന കാര്യങ്ങളെ ഞാൻ എങ്ങനെ നോക്കിക്കാണുന്നു, അവയോട് എനിക്ക് ക്രിയാത്മകമായി പ്രതികരിക്കാൻ സാധിക്കുന്നുണ്ടോ? ഇത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. ഈ ലോകത്തിലെ എല്ലാ പ്രശ്നങ്ങളും എനിക്ക് പരിഹരിക്കാൻ കഴിയില്ല എങ്കിലും, എന്നോട് അടുത്തുനിൽക്കുന്ന എന്റെ ജീവിത പരിസരങ്ങളിൽ എനിക്ക് പ്രാപ്യമായ ചില കാര്യങ്ങളിൽ ഗ ണ്യമായ മാറ്റം വരുത്താൻ എനിക്ക് സാധിക്കും എന്ന് ആത്മവിശ്വാസം നാം സ്വന്തമാക്കണം. ഒരിക്കൽ മദർ തെരേസയോട് ഒരാൾ പറഞ്ഞു നിങ്ങൾ ചെയ്യുന്നതൊക്കെ മഹാസമുദ്രത്തിലെ ഒരു തുള്ളി മാത്രമേ ആകുന്നുള്ളല്ലോ. അമ്മയുടെ മറുപടി ഞാൻ അത് ചെയ്തില്ലെങ്കിൽ ആ മഹാസമുദ്രത്തിൽ ഒരു തുള്ളി കുറവായിരിക്കും. ഈ ഒരു മനോഭാവമാണ് ഇന്നത്തെ യുവതക്ക് ആവശ്യം. എന്റെ ജീവിത പരിസരങ്ങളിൽ ധാർമിക മൂല്യങ്ങൾക്ക് ക്ഷയം സംഭവിക്കുമ്പോൾ അതിനെതിരെ ഒരു ചെറുവിരലെങ്കിലും അനക്കാൻ എനിക്ക് കഴിയുന്നുണ്ടോ? ആത്മീയത അത് 'ഔട്ട് ഓഫ് ഫാഷൻ' ആണ് എന്ന് വരുത്തി തീർക്കാൻ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്ന നിഗൂഢ ശക്തികളുടെയും, ജീർണിച്ച സംസ്കാരങ്ങളുടെയും, പ്രത്യയ ശാസ്ത്രങ്ങളുടെയുംമുന്നിൽ, അത് നിന്റെ യഥാർത്ഥ സന്തോഷങ്ങളെ കെടുത്തി കളയുകയും നിന്റെ സ്വാതന്ത്ര്യത്തിന് കൂ ച്ചുവിലങ്ങിടുകയും ചെയ്യും എന്ന് പ്രചരിപ്പിക്കുന്ന കാപട്യം നിറഞ്ഞ കൂട്ടുകെട്ടുകൾക്ക് നടുവിൽ, ക്രിസ്തു കേന്ദ്രീകൃതമായ ഒരു ആത്മീയത ഉള്ളിൽ ജ്വലിക്കുന്ന ഒരു ചെറു പ്രകാശം നാളമായി എങ്കിലും നിനക്ക് ജ്വലിക്കാൻ കഴിയുമോ? ആത്മീകതയുടെ പുറം കുപ്പായം ധരിച്ച് അതിന്റെ സാധ്യതകളെ എല്ലാം നികൃഷ്ടമായി ചൂഷണം ചെയ്ത്, അതിന്റെ സുഖസുഷുപ്തിയിൽ അഭിരമിച്ച് സ്വയം ആത്മീയരായി പ്രഖ്യാപിച്ച അനേകം ആൾദൈവങ്ങളുടെ നടുവിൽ നാം ജീവിക്കുമ്പോൾ, തിന്മ നന്മയുടെ മുഖം മൂടിയണിഞ്ഞ് അടി തിമിർക്കുമ്പോൾ വിവേകത്തോടുകൂടി സത്യത്തെയും, നന്മയെയും, തിരഞ്ഞെടുക്കാൻ കഴിയുന്ന ഒരു യുവതലമുറ രൂപ എടുക്കട്ടെ എന്നാണ് പ്രാർത്ഥന. അസീസിയിലെ ഫ്രാൻസിസും, കൽക്കട്ടയിലെ മദർ തെരേസയും, വെറും 15 വയസ്സ് വരെ മാത്രം നീണ്ടുനിന്ന ജീവിതത്തിൽ മനവ കുലത്തെ ഈ ആധുനിക കാലഘട്ടത്തിൽ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ഇൻറർനെറ്റ് ,സോഷ്യൽ മീഡിയ സാധ്യതകളെ ദൈവരാജ്യപ്രഘോഷത്തിന് ഉള്ള ഉപാധികളാക്കി മാറ്റാൻ പരിശ്രമിച്ച വിശുദ്ധ കാർലോ അക്യുറ്റസുമൊക്കെ ആകട്ടെ നമ്മുടെ യുവജനങ്ങളുടെ മാതൃക.

വിശുദ്ധ പൗലോസ് ശ്ലീഹാ തെസ്‌ലോനിക്കാക്കാർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ സമാപനത്തിൽ ഇങ്ങനെ കുറിച്ചിടുന്നു നിങ്ങൾ സമാധാനത്തിൽ കഴിയുവിൻ. സഹോദരരേ, നിങ്ങളെ ഞങ്ങൾ ഉദ്ബോധിപ്പിക്കുന്നു: അലസരെ ശാസിക്കുവിൻ; ഭീരുക്കളെ ധൈര്യപ്പെടുത്തുവിൻ; ദുർബലരെ സഹായിക്കുവിൻ; എല്ലാ മനുഷ്യരോ ടും ക്ഷമാപൂർവം പെരുമാറുവിൻ. ആരും ആരോടും തിൻമയ്ക്കു പകരം തിൻമ ചെയ്യാതിരിക്കാനും തമ്മിൽത്തമ്മിലും എല്ലാവരോടും സദാ നൻമ ചെയ്യാനും ശ്രദ്ധിക്കുവിൻ. എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇട വിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദിപ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം. ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്. പ്രവചനങ്ങളെ നിന്ദിക്കരുത്. എല്ലാം പരിശോധിച്ചുനോക്കുവിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ. എല്ലാത്തരം തിൻമയിലുംനിന്ന് അകന്നുനിൽക്കുകയും ചെയ്യുവിൻ.(1 തെസലോനിക്കാ 5 : 14-22)

എല്ലാവരോടും എന്നതിനേക്കാൾ ഉപരിയായി ഈ ആധുനിക കാലഘട്ടത്തിൽ ഇത് യുവജനങ്ങൾക്കുള്ള ഒരു ഉപദേശമാണ്.



www.malankaralibrary.com



www.malankaralibrary.com



എബി രാജൻ

# ഭദ്രാസന ചരിത്ര വഴികളിലൂടെ
# തിരുവനന്തപുരം മേജർ അതിഭദ്രാസനം


1933 മെയ് 11ന് പാളയത്തെ പോംപിഡോർ തീയറ്റർ പ്രാർത്ഥനാമുഖരിതമായി. പുനരൈക്യത്തിലൂടെ സംലബ്ധമായ മലങ്കര ഹയരാർക്കിയുടെ തലവനും വിശുദ്ധ പത്രോസ് ശ്ലീഹായുടെ മാദ്ധ്യസ്ഥതയിൽ സ്ഥാപിതമായ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായുമായി പാളയം സമാധാനരാജ്ഞി പ്രോ കത്തീഡ്രലിൽ (പോംപിഡോർ തീയറ്റർ) വച്ച് ഗീവർഗീസ് മാർ ഈവാനിയോസ് പിതാവ് അഭിഷിക്തനായി. തുടർന്ന് നടന്നതൊക്കെ ചരിത്രം. തിരുവിതാംകൂർ ദിവാൻ ആയിരുന്ന സർ സി.പിയുടെ ഉരുക്കു മുഷ്ടികളെ ഭയക്കാതെ വന്ദ്യ പിതാവ് മലങ്കര സഭ പൊതുവിലും തിരുവനന്തപുരം അതിഭദ്രാസനം പ്രത്യേകമായും നയിച്ച് തുടങ്ങി. “പള്ളിയോടൊപ്പം പള്ളിക്കൂടം” എന്ന ചാവറയച്ചന്റെ ആശയം “പള്ളിക്ക് മുൻപേ പള്ളിക്കൂടം” എന്നാക്കി പിതാവ് തന്റെ കർമ്മമണ്ഡലത്തിലേക്ക് കാൽ വച്ചു. തൽഫലമായി ഇന്ന് അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപപ്പെട്ടു. പട്ടത്തെ ഒരു ഓല കുടിലിൽ താമസിച്ചു കൊണ്ട് അതിഭദ്രാസന കത്തീഡ്രൽ ദൈവാലയം നിർമിക്കുന്നതിന് മുന്നേ നാലാഞ്ചിറയിലും പട്ടത്തും ആയി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു.പിതാവ് തുടക്കം കുറിച്ച സെന്റ്. മേരീസ് സ്കൂൾ ഇന്ന് ഏഷ്യയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ ആയി മാറിയപ്പോൾ നാലാഞ്ചിറയിലെ ആർക്കും വേണ്ടാതെ കിടന്ന ബഥനി കുന്നു ഇന്ന് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ള മാർ ഈവാനിയോസ് വിദ്യ നഗർ ആയി മാറി.

വടക്കു പമ്പാ നദി മുതൽ തെക്ക് കന്യാകുമാരി വരെ വ്യാപിച്ച കിടന്ന തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ മിഷൻ സാധ്യതകൾ മനസിലാക്കിയ വന്ദ്യ പിതാവ് ഭാരത സുവിശേഷവത്കരണം ലക്ഷ്യമാക്കി അതിഭദ്രാസനത്തിന്റെ തെക്കൻ മേഖലകളിൽ മിഷൻ പ്രവർത്തനം ആരംഭിച്ചു.പിതാവിന്റെ കരങ്ങൾക്ക് ശക്തി പകരാൻ വന്ദ്യനായ ചേപ്പാട് ഫിലിപ്പോസ് റമ്പാച്ചൻ കൂടെ ഉണ്ടായിരുന്നു.തെക്കൻ മിഷൻ പ്രവർത്തങ്ങൾക്ക് ശക്തി പകരാൻ മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹാശിർവാദങ്ങളോടെ വന്ദ്യ മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡത്ത് 1938ൽ മേരി മക്കൾ സന്യാസിനി സമൂഹം എന്ന മിഷനറി കോൺഗ്രിഗേഷൻ സ്ഥാപിച്ചു. ഈ മിഷനറിമാരുടെ വലിയ തീക്ഷ്ണതയാൽ വിവിധ ഇടങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സമൂഹങ്ങൾ സ്ഥാപിക്കപ്പെടുകയും പിന്നീട് മാർത്താണ്ഡം, പാറശ്ശാല എന്നീ രണ്ടു ഭദ്രാസനങ്ങൾ ആരംഭിക്കപ്പെടുകയും ചെയ്തു.

തെക്കൻ പ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിന്നില്ല പിതാവിന്റെ പ്രവർത്തനങ്ങൾ, സമീപ ജില്ലകളുടെ വിവിധ പ്രദേശങ്ങളിൽ പുനരൈക്യ പ്രേഷിത പ്രവർത്തനങ്ങൾക്കും പിതാവ് നേതൃത്വം നൽകി. തൽഫലമായി പത്തനംതിട്ട,അടൂർ,മാവേലിക്കര, കടമ്പനാട്, കൊട്ടാരക്കര,കൊല്ലം തുടങ്ങിയ സ്ഥലങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാസമൂഹങ്ങൾ സ്ഥാപിക്കപ്പെടുകയും ആ പ്രദേശങ്ങളിലെ വിശ്വാസസമൂഹം വളർന്നു വർത്തമാന കാലഘട്ടത്തിൽ മാവേലിക്കര, പത്തനംതിട്ട ഭദ്രാസനങ്ങളായി പരിണമിക്കുകയും ചെയ്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സംഘാടനത്തിനും ഭരണത്തിനും വേണ്ടിയുള്ള 22 വർഷത്തെ കഠിനമായ ദൗത്യത്തിന് ശേഷം മാർ ഈവാനിയോസ് തിരുമേനി രോഗബാധിതനാകുകയും ഒരു വർഷത്തോളം അങ്ങനെ തുടരുകയും ചെയ്തു.1953 ജനുവരി 29ന് മാർ ഇവാനിയോസ് പിതാവ് മാർ ഈവാനിയോസ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പൽ ആയിരുന്ന ബെനഡിക്ട് അച്ചനെ ബെനഡിക്ട് മോർ ഗ്രീഗോറിയോസ് എന്ന പേരിൽ തന്റെ പിൻഗാമിയായും സഹായ മെത്രാനായും വാഴിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും വീരോചിതമായ നേതൃത്വത്തിന് ശേഷം, മാർ ഇവാനിയോസ് നിത്യസമ്മാനത്തിനായി 1953 ജൂലൈ 15ന് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയി. തുടർന്ന് 1955 ജനുവരി 27ന് ബെനഡിക്ട് മോർ ഗ്രീഗോറിയോസ് പിതാവ് തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും മലങ്കര കത്തോലിക്കാ സഭയുടെയും

www.malankaralibrary.com







മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. മാർ ഈവാനിയോസ് പിതാവ് തുടങ്ങി വച്ച പ്രവർത്തനങ്ങൾ അതിവേഗതയോടെ പൂർത്തീകരിക്കുവാൻ ഗ്രീഗോറിയോസ് പിതാവിനെ ദൈവം ഇടയാക്കി.

41 വർഷത്തെ സഭാ ഭരണം കൊണ്ട് മലങ്കര സഭയും തിരുവനന്തപുരം അതി ഭദ്രാസനനവും വളർച്ചയുടെ പടവുകൾ കയറി. നിരവധി ദൈവാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.ക്രാന്തദർശിയും പാവങ്ങളോട് പക്ഷം ചേർന്നിരുന്നവനുമായ പിതാവ് മലഞ്ചരക്ക് വ്യാപാര കേന്ദ്രമായിരുന്ന കൊല്ലം അഞ്ചലിൽ കോളേജിനും ആശുപത്രിക്കു തുടക്കം കുറിച്ചു. സെൻറ്. ജോൺസ് കോളേജും സെൻറ്. ജോസഫ് ആശുപത്രിയും അവികസിത അഞ്ചൽ പ്രദേശത്തിന് വികസനത്തിന്റെ വാതായനങ്ങൾ തുറന്നു കൊടുത്തു. സാധാരണകാർക്ക് വേണ്ടി പിരപ്പൻകോട് ആരംഭിച്ച ആശുപത്രി ഇന്ന് മെഡിക്കൽ വില്ലേജായി തലയുയർത്തി നിൽക്കുന്നു. വിശ്വാസികളുടെ ആത്മീയവും സാമൂഹികവും സാമ്പത്തികവുമായ വളർച്ചയെ ലക്ഷ്യം വച്ച പ്രവർത്തിച്ച വന്ദ്യ പിതാവ് മലങ്കര സഭയെ കൂടുതൽ ജനകീയമാക്കി. ഇതര സഭകളിൽ നിന്ന് അനേകം വിശ്വാസികൾ പുനരൈക്യപ്പെട്ടുകൊണ്ടിരുന്നു. 41 വർഷത്തെ ദൈർഘ്യമേറിയ സഭ ശുശ്രൂഷയ്ക്ക് ശേഷം 1994 ഒക്ടോബർ 10 ന് നിത്യ സമ്മാനത്തിനായി വന്ദ്യ പിതാവ് കടന്നു പോയി. അനന്തപുരി അത് വരെ ദർശിക്കാത്ത ജനബാഹുല്യം ഗ്രീഗോറിയോസ് പിതാവിന്റെ അന്ത്യ യാത്രക്ക് സാക്ഷിയായി.

ആർഷ ഭാരതത്തിന്റെ ഗരിമയും പൈതൃകവും ഉൾക്കൊണ്ട് ക്രൈസ്തവ തത്വങ്ങളാൽ അവയെ നവീകരിച്ച യോഗിവര്യൻ സിറിൽ മോർ ബസേലിയോസ് പിതാവ് ' പാവങ്ങളുടെ പിതാവിന്റെ' പിൻഗാമിയായി അഭിഷിക്തനായി. പതിറ്റാണ്ടു നീണ്ട സഭാശുശ്രൂഷയിൽ സഭയുടെ നവീകരണം ഏറ്റെടുത്തുകൊണ്ട് സമസ്ത മേഖലകളിലും മലങ്കര സഭാ പാരമ്പര്യം ഉൾകൊള്ളാൻ വന്ദ്യ പിതാവ് ശ്രമിച്ചു. ദൈവാലയങ്ങൾ നവീകരിക്കപ്പെട്ടു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർന്നു. ആധുനിക വിദ്യാഭ്യാസത്തിന്റെ പാധാന്യം തിരിച്ചറിഞ്ഞ പിതാവ് അനേകം സി. ബി.എസ്.ഇ സ്കൂളുകൾ അതിഭദ്രാസനത്തിന്റെ വിവിധ ഇടങ്ങളിൽ സ്ഥാപിചു. നാലാഞ്ചിറയിൽ ബഥനികുന്നിനു തിലകക്കുറിയായി പിതാവ് ആരംഭിച്ച എഞ്ചിനീയറിംഗ് കോളേജ് ഇന്ന് വിവിധ കമ്പനികൾക്ക് കഴിവുള്ള ഉദ്യോഗാർത്ഥികളെ നൽകുന്ന സ്ഥാപനമായി മാറി. മലങ്കര സഭയുടെ സ്വത്വം വീണ്ടെടുക്കാൻ നടത്തിയ ശ്രമങ്ങൾ റോം അംഗീകരിച്ച് സ്വയംഭരണവും ഉൾഭരണസ്വാതന്ത്ര്യവും നൽകിയത് വന്ദ്യ പിതാവിന്റെ കർമ്മവീഥികളിലെ മറക്കാനാകാത്ത ഒരേടാണ്. മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ് സ്ഥാനം മലങ്കര സഭയ്ക്ക് ലഭ്യമായപ്പോൾ ഈവാനിയോസ് പിതാവ് സ്വപ്നം കണ്ട സഭാഘടന യാഥാർഥ്യമായി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികളിലേക്ക് ധീരതയോടെ സഭയെ നയിച്ച ബസേലിയോസ് പിതാവ് 2007 ജനുവരി 18 ന് കാലം ചെയ്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും തലവനായി മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി 2007 മാർച്ച് 5ന് അഭിഷിക്തനായി. ദൈവതെരഞ്ഞെടുപ്പിന്റെ സാക്ഷ്യമായ തുന്നിച്ചേർത്ത വിരലുമായി വന്ദ്യ പിതാവ് അനന്തപുരിയിലെ തിരുസന്നിധിയിൽ തന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.പിതാവിന്റെ നേതൃത്വത്തിൽ മേജർ അതിഭദ്രാസനത്തിന്റെ പ്ലാറ്റിനം ജൂബിലി (1993 2008)ആഘോഷങ്ങൾ നടന്നു. എല്ലാ വൈദിക ജില്ലകളിലും ആത്മീയ നവീകരണത്തിനുള്ള കൺവെൻഷനുകൾ നടന്നു. മേജർ അതിഭദ്രാസനത്തിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് 75 വീടുകൾ നിർമിച്ചു നൽകി. ഇടവകകളിലും വൈദിക ജില്ലകളിലും നിരവധി ചാരിറ്റി പദ്ധതികൾ ആരംഭിച്ചു. 2008 നവംബർ 10ന് പൗരസ്ത്യ സഭകൾക്കായുള്ള കോൺഗ്രിഗേഷന്റെ പ്രീഫെക്ട് ആയിരുന്ന അഭിവന്ദ്യ ലിയോനാർഡോ കർദിനാൾ സാന്ദ്രിയുടെ സന്ദർശനത്തോടെ ജൂബിലി ഔപചാരികമായി സമാപിച്ചു. മേജർ അതിഭദ്രാസനത്തിന്റെ പ്ലാറ്റിനം ജൂബിലിയുടെ സുവനീർ എന്ന നിലയിൽ, 2008 ഒക്ടോബർ 13ന്, ആരാധനാപരമായ പ്രത്യേകാവകാശങ്ങളുമുള്ള ബസിലിക്കയായി പാളയം സമാധാന രാഞ്ജി ദൈവാലയത്തെ ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഉയർത്തി.

ദൈവത്തിന്റെ കരുണയുടെ മുഖം എല്ലാവരും ദർശിക്കണം എന്ന ആഗ്രഹത്തോടെ വന്ദ്യ പിതാവ് അനേകം ഉപവി പ്രവർത്തനങ്ങൾ ആരംഭിച്ചു.1000 വീട് പദ്ധതിയും ആർ.സി.സി യിൽ ചികിസയ്ക്ക് വരുന്ന പാവപ്പെട്ടവർക്ക് താമസിക്കാൻ ഇടവും വില ഉഈടാക്കാതെ ഭക്ഷണം നൽകുന്ന പദ്ധതിയും ഒക്കെ ദൈവകരുണയുടെ നേർസാക്ഷ്യമായി മാറി. ബിസിനസ് മാനേജ്മെൻറ് പഠിക്കാൻ മേജർ അതിഭദ്രാസനത്തിലെ കുട്ടികൾക്ക് അവസരമൊരുക്കാൻ കാർഡിനൽ ക്ലീമിസ് സെന്റർ ഫോർ ഇന്നോവേഷൻസും നിയമ പഠനത്തിനായി മാർ ഗ്രീഗോറിയോസ് കോളജ് ഓഫ് ലോയും വന്ദ്യ പിതാവ് ആരംഭിച്ചു.തിരുവനന്തപുരത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസം നേടാൻ ഉള്ള കോളേജിന്റെ അപര്യാപ്തത മനസിലാക്കിയ പിതാവ് കാട്ടാക്കട കേന്ദ്രമാക്കി മദർ തെരേസ കോളേജ് ആരംഭിച്ചു.

ഇതിനെല്ലാം ഉപരിയായി സഭയുടെ ആത്മീയ നവീകരണത്തിനായി ആരാധനാക്രമ പുസ്തകങ്ങൾ അച്ചടിച്ചു വിശ്വസികൾക്ക് കൈമാറി. രണ്ടു സഭാ അസംബ്ളികൾ നടത്തപ്പെട്ടു.

www.malankaralibrary.com






മലങ്കര സുവിശേഷ സംഘം സ്ഥാപിച്ചു. കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി പ്രവർത്തങ്ങൾ ഏകോപിപ്പിച്ചുകൊണ്ടു സഭയെ ഇന്നും നയിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ പമ്പാ നദിയ്ക്ക് തെക്കോട്ട് കന്യാകുമാരി വരെ വ്യാപിച്ചു കിടന്ന തിരുവനന്തപുരം അതി ഭദ്രാസനം മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട, പാറശ്ശാല എന്നീ ഭദ്രാസനങ്ങൾക്ക് ജന്മം നൽകി മാതൃസ്ഥാനീയയായി നിലകൊള്ളുന്നു. അടൂർ അഞ്ചൽ, ആയൂർ, കഴക്കൂട്ടം, കിളിമാനൂർ, കൊട്ടാരക്കര ,നെടുമങ്ങാട്, തിരുവനന്തപുരം, പുനലൂർ എന്നീ 9 വൈദിക ജില്ലകളിലായി 217 ദൈവാലയങ്ങൾ നിലവിൽ സ്ഥിതി ചെയ്യുന്നു.ഏകദേശം 112 ഇടവക വൈദികരും ഏകദേശം 725 സന്യസ്തരും സഭാശുശ്രൂഷയിൽ അഭിവന്ദ്യ ക്ളീമീസ് പിതാവിനോടൊപ്പം ആയിരിക്കുന്നു. വിശ്വസികളുടെ വളർച്ചയ്ക്ക് പുറമെ ദേശത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ പ്രവർത്തന ങ്ങൾ കാഴ്ചവച്ചു കൊണ്ടു ദൈവദാസൻ മാർ ഇവാനിയോസ് പിതാവ് കാട്ടിതന്ന വഴിയിലൂടെ ഇന്നും നടന്നു നീങ്ങുന്നു.




കൃപയും ദാനങ്ങളും ദൈവം തന്റെ പ്രിയപ്പെട്ടവർക്കായി നൽകുന്നത് സ്വാർത്ഥതയെ മറികടക്കുന്നതിനായിട്ടാണ്.

വിശുദ്ധ ഫ്രാൻസിസ് അസീസി



www.malankaralibrary.com





ഡോ:മിട്ടു ജോൺ

# പിത്താശയ കല്ലുകൾ രോഗവും ചികിത്സയും

കരളിന് താഴെ വലതുഭാഗത്ത് മേൽവയറ്റിലാണ് പിത്താശയം അഥവാ പിത്തസഞ്ചി സ്ഥിതി ചെയ്യുന്നത്. പിത്താശയത്തിന്റെ പ്രാഥമിക ലക്ഷ്യം കരൾ ഉത്പാദിപ്പിക്കുന്ന പിത്തരസത്തെ സംഭരിക്കുകയും, ആഹാരം കഴിക്കുന്ന സമയത്തു ദഹനത്തിനായി അതിനെ കുടലിലേക്കു തുറന്നു വിടുകയും ആണ്. പല കാരണങ്ങളാൽ പിത്താശയത്തിൽ കല്ലുകൾ ഉണ്ടാകാം. പക്ഷെ മിക്കവർക്കും രോഗലക്ഷണങ്ങൾ ഉണ്ടാകണമെന്നില്ല.എന്നാൽ, ചിലർക്ക് പിത്തസഞ്ചിയിലെ കല്ലുകൾ മൂലം വേദനയോ മറ്റ് സങ്കീർണർണതകളോ ഉണ്ടാകാം. അങ്ങനെയുള്ളവർക്ക് പിത്തസഞ്ചി മുഴുവനായി കല്ലുകൾ ഉൾപ്പടെ നീക്കം ചെയ്യേണ്ടി വരാം. പിത്തസഞ്ചിയിലെ കല്ലുകൾ പ്രധാനമായും 2 തരം ഉണ്ട്.1. കൊളെസ്ട്രോൾ കല്ലുകൾ 2 പിമെന്റ് കല്ലുകൾ. ഏകദേശം 80 ശതമാനവും കൊളസ്ട്രോൾ കല്ലുകൾ ആണ് കണ്ടുവരുന്നത്.

പിത്തസഞ്ചിയിൽ കല്ല് ഉണ്ടാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന നിരവധി ഘടകങ്ങൾ ഉണ്ട് 40 വയസ്സിന് ശേഷം സ്ത്രീകളിൽ പിത്തസഞ്ചിയിൽ കല്ലുകൾ കൂടുതലായി കാണപ്പെടുന്നു.കുട്ടികളിൽ ഈ അവസ്ഥ വളരെ വിരളമാണ്. പാരമ്പര്യ പ്രവണതയും ഈ അസുഖത്തിന് കാണാറുണ്ട്. ഗർഭകാലം, ഈസ്ട്രജൻ അടങ്ങിയ മരുന്നുകളുടെ ഉപയോഗം (ഗർഭ നിരോധന ഗുളികകൾ പോലുള്ളവ), പൊണ്ണത്തടി അടിക്കടി ഉള്ള ഉപവാസം, പെട്ടെന്നുള്ള വണ്ണം കുറയ്ക്കൽ , ഡയബറ്റിസ് മെലിറ്റസ്, സിറോസിസ് അല്ലെങ്കിൽ കരളിന്റെ ഗുരുതരമായ രോഗങ്ങൾ എന്നിവയെല്ലാം പിത്താശയ കല്ലിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

**രോഗലക്ഷണങ്ങൾ**


<u>സൈലൻറ് ഗോൾ സ്റ്റോൺസ് (SILENT GALL STONES)</u>

മറ്റ് കാരണങ്ങളാൽ ചെയ്യുന്ന അൾട്രാസൗണ്ട് അല്ലെങ്കിൽ സി ടി സ്കാൻ എന്നിവയിൽ പിത്തസഞ്ചി കല്ലുകൾ പലപ്പോഴും കാണാറുണ്ട്. പക്ഷേ ഇവർക്ക് ഇത് സംബന്ധമായ ഒരു രോഗലക്ഷണവും കാണാറില്ല. ഇങ്ങനെ കണ്ടുപിടിക്കുന്ന കല്ലുകൾക്ക് ചികിത്സ സാധാരണ ഗതിയിൽ ആവശ്യമില്ല.

<u>ബിലിയറി കോളിക് (BILIARY COLIC)</u>

പിത്തസഞ്ചി വേദന അല്ലെങ്കിൽ ബിലിയറി കോളിക് ഈ അസുഖത്തിന്റെ സാധാരണമായ പ്രാരംഭ ലക്ഷണമാണ്. ഇത് വലതുവശത്തേ മേൽവയറ്റിലെ വേദനയായോ നെഞ്ചുവേദന ആയോ വരാം . പലപ്പോഴും ഇത് ഹൃദയാഘാതമായി സംശയിക്കപ്പെടാം.ഓക്കാനം, ഛർദി, വലതുതോളിലോ പുറകിലോ വേദന എന്നിവയും

www.malankaralibrary.com




അനുഭവപ്പെടാം. കൊഴുപ്പുള്ള ഭക്ഷണത്തോടുള്ള പ്രതികരണമായി കല്ലുകൾ അടങ്ങിയ പിത്തസഞ്ചി ചുരുങ്ങുമ്പോഴാണ് സാധാരണയായി ബിലിയറി കോളിക് സംഭവിക്കുന്നത്. ഭക്ഷണം കഴിഞ്ഞ് മണിക്കൂറുകൾക്ക് ശേഷം ഈ വേദന കുറയും.

**പിത്തസഞ്ചിയിലെ കല്ലുകളുടെ സങ്കീർണതകൾ**

1.അക്യൂട്ട് കോളിസിസ്റ്റൈറ്റിസ് ( acute cholecystitis)

പിത്തസഞ്ചിയിലെ കല്ല് മൂലം പൂർണമായ തടസ്സം ഉണ്ടാകുമ്പോഴാണ് ഇത് സംഭവിക്കുന്നത്.ഏതാനും മണിക്കൂറുകൾക്കുള്ളിൽ വേദന കുറയുന്ന കോളിക്കിൽ നിന്ന്

വ്യത്യസ്തമായി ഇവിടെ വേദന സ്ഥിരമായിരിക്കും. പനി സാധാരണമാണ്. ആശുപത്രിയിൽ അടിയന്തിര വൈദ്യചികിത്സ ആവശ്യമുള്ള ഗുരുതരമായ അവസ്ഥയാണ് അക്യൂട്ട് കോളിസിസ്റ്റൈറ്റിസ്.പിത്തസഞ്ചിയും അതിലുള്ള കല്ലുകളും നീക്കം ചെയുന്ന ശസ്ത്രക്രിയ ശുപാർശ ചെയ്യപ്പെടുന്നു. ചികിൽസിച്ചില്ലെങ്കിൽ ഇവ പിത്തസഞ്ചി വിള്ളലിലേക്ക് നയിച്ചേക്കാം. ഇത് ജീവൻ അപകടപ്പെടുത്തുന്ന അവസ്ഥയാണ്.

2. കോളെഡോകോലിഥിയാസിസ് (choledocholithiasis)

ഒന്നോ അതിലധികമോ പിത്തസഞ്ചി കല്ലുകൾ പിത്തസഞ്ചിയിൽ നിന്ന് പ്രധാന പിത്തരസനാളിയിലേക്ക് വീഴുകയും, കുടലിലേക്ക് പിത്തരസം പുറപ്പെടുന്ന ഭാഗത്തെ തടയുകയും ചെയ്യുന്നു.ഇതുമൂലം മഞ്ഞപ്പിത്തം ഉണ്ടാകും. ഇ.ആർ.സി.പി(ഋഞഇജ) എന്നറിയപ്പെടുന്ന ശാസ്ത്രക്രിയേതര നടപടിക്രമം ഉപയോഗിച്ചാണ് സാധാരണയായി ഇങ്ങനെ തടസ്സം ഉണ്ടാക്കുന്ന കല്ലുകൾ നീക്കം ചെയ്യുന്നത്. ജീവന് ഭീഷണിയുള്ള ഒരു അവസ്ഥയാണിത്.കല്ലുകൾ സമയത്ത് നീക്കം ചെയ്തില്ലെങ്കിൽ പാൻക്രിയാസിൽ അണുബാധ അഥവാ അക്യൂട്ട് പാൻക്രിയാടൈറ്റിസ് വരെ ഉണ്ടാകാം.

**രോഗനിർണയം**

പിത്തസഞ്ചിയിലെ കല്ലുകൾ കണ്ടെത്തുന്നതിനുള്ള ഏറ്റവും മികച്ച പരിശോധനയാണ് അൾട്രാസൗണ്ട് .പിത്താശയ കല്ലുകൾ സങ്കീർണതകൾ ഉണ്ടാക്കുന്നതായി സംശയം ഉണ്ടായാൽ സി ടി സ്കാൻ അല്ലെങ്കിൽ എം ആർ ഐ സ്കാൻ വേണ്ടി വരും.

**ചികിത്സാ രീതികൾ**

ഒബ്സെർവേഷൻ

വേദന ഉണ്ടാക്കാത്ത ഒറ്റ കല്ല്, ചെറുപ്പക്കാർ,ഡയബറ്റിസ് ഇല്ലാത്തവർ യാതൊരു ചികിത്സയും ചെയ്യാതെ ഒബ്സേർവ് ചെയ്യാവുന്നതാണ്

**ശസ്ത്രക്രിയ തെറാപ്പി**

പിത്തസഞ്ചിയും കല്ലും നീക്കം ചെയ്യുക. പിത്തസഞ്ചി നീക്കം ചെയ്യുന്നത് സാധാരണയായി ദീർഘകാല പ്രശ്നങ്ങളോ ഗുരുതരമായ സങ്കീർണതകളോ ഉണ്ടാക്കുന്നില്ല ലാപ്രോസ്കോപ്പിക് കോളിസിസ്റ്റക്ടമി എന്ന ശസ്ത്രക്രിയ ആണ് സാധാരണ ചെയ്യുന്നത്.

**നോൺസർജിക്കൽ ചികിത്സകൾ**

വിധേയരാകാൻ കഴിയാത്തവർക്ക് ശാസ്ത്രക്രിയേതര ചികിത്സകൾ ലഭ്യമാണ്. ബൈൽ ആസിഡ് ഗുളിക (ൗൃീറലീഃ്യരവീ ഹശര മരശറ) കൊളസ്ട്രോൾ തരത്തിലുള്ള പിത്താശയ കല്ലുകൾ അലിയിക്കാൻ സഹായിക്കുന്നു.ചികിത്സ ആരംഭിച്ചു രണ്ടോ മൂന്നോ മാസത്തിനുള്ളിൽ ഇത് കഴിക്കുന്ന ഏകദേശം മൂന്നിൽ രണ്ട് ആളുകളും രോഗലക്ഷണമില്ലാത്തവരായി മാറുന്നു. എന്നിരുന്നാലും കല്ലുകൾ പൂർണമായി അപ്രത്യക്ഷമാകുവാൻ കുറച്ചു വർഷങ്ങൾ എടുത്തേക്കാം. മന്ദഗതിയിലുള്ള പ്രവർത്തനം കാരണം, ആവർത്തിച്ചുള്ള പിത്തസഞ്ചി കല്ല് ലക്ഷണങ്ങളുള്ള ആളുകളിൽ ഈ ചികിത്സ പ്രായോഗികമല്ല.

പിത്താശയകല്ലുകൾ ഉണ്ടാകുന്നതു തടയാൻ ഉചിതമായ അളവിൽ കലോറി കഴിച്ചും കുറഞ്ഞത് 30 മിനിറ്റ് വ്യായാമം ചെയ്തും ആരോഗ്യകരമായ ശരീരഭാരം നിലനിർത്താൻ ശ്രമിക്കുക. ശരീരഭാരം കുറയ്ക്കാനുള്ള ശസ്ത്രക്രിയ അല്ലെങ്കിൽ ഡയറ്റ് ചെയ്യുന്നവർ ശരീരഭാരം കുറയ്ക്കുമ്പോൾ പിത്തസഞ്ചിയിലെ കല്ലുകൾ ഉണ്ടാകുന്നുണ്ടോ എന്ന് ഇടയ്ക്ക് പരിശോധിക്കേണ്ടതാണ്.

www.malankaralibrary.com

# ഭാരതത്തിലെ വിശുദ്ധർ
# വി. ദേവസഹായം പിള്ള



ജീവ മാത്യു

1712 ഏപ്രിൽ 23ാം തിയതി ശ്രീ വാസുദേവൻ നമ്പൂതിരിയുടെയും ദേവകിയമ്മയുടെയും പോന്നോമനപുത്രനായി തമിഴ് നാട് കന്യാകുമാരി ജില്ലയിലെ നട്ടാൽമൊഴി എന്ന കുഞ്ഞു ഗ്രാമത്തിൽ നീലകണ്ഠപിള്ള ജനിച്ചു. വിദ്യാഭ്യാസത്തിനൊപ്പം കായികപരിശീലനവും സ്വായത്തമാക്കിയ അദ്ദേഹം ആ നാടിന്റെയും ആ നാട് ഭരിച്ചിരുന്ന മാർത്താണ്ഡവർമ മഹാരാജാവിന്റെയും പ്രിയങ്കരനും വേണാട് സൈന്യത്തിലെ ഉദ്യോഗസ്ഥനും കൊട്ടാരത്തിലെ പ്രധാന ഉപദേശകനുമായിരുന്നു.1741 ൽ സംഭവിച്ച മാർത്താണ്ഡവർമ്മയും ഡച്ച് സൈന്യവും തമ്മിലുള്ള കുളച്ചിൽ യുദ്ധത്തോടെയാണ് നീലകണ്ഠപിള്ളയുടെ ജീവിതം മാറിമറിഞ്ഞത്. യുദ്ധത്തിൽ മാർത്താണ്ഡവർമ്മയുടെ സൈന്യം ഡച്ച് സൈന്യത്തെ തോൽപ്പിക്കുകയും അവരുടെ നേതാവായ ഡിനലോയ് തുറങ്കിലടക്കുകയും ചെയ്തു. പിന്നീടുണ്ടായതു ദൈവം പിള്ളയെ തിരഞ്ഞെടുക്കുന്ന പ്രക്രിയയാണ്. ഡിനലോയ്‌ലൂടെ ദൈവത്തെ കുറിച്ചും ദൈവമാർഗത്തേക്കുറിച്ചും അദ്ദേഹം അറിയുകയുണ്ടായി. 1945 മെയ് 15 നു നീലകണ്ഠപിള്ള ജ്ഞാനസ്നാനം സ്വീകരിച്ച് ലാസർ എന്ന പേരിന്റെ തമിഴ് നാമമായ ദേവസഹായം പിള്ള എന്ന നാമം സ്വീകരിച്ചു. ക്രിസ്തുമതം സ്വീകരിച്ച അദ്ദേഹം തന്റെ ഭാര്യയായ ഭാർഗവിയമ്മയെ ക്രിസ്തുമതം പഠിപ്പിക്കുകയും ത്രേസ്സ്യ എന്നതിന്റെ തമിഴ് പദമായ ജ്ഞാനപ്പൂ അമ്മാൾ എന്ന പേരിൽ അവർ ക്രിസ്ത്യാനിയായി തീർന്നു.

ക്രിസ്തുവിനനുയോജ്യമായ ജീവിത ശൈലി പിന്തുടർന്ന അവരിൽ ഏറെ പേർ ആകൃഷ്ടരാകുകയും ക്രിസ്തുമതം സ്വീകരിക്കാൻ താല്പര്യപെടുകയും ചെയ്തു. ഇതിനാൽ തന്നെ അനേകം പേർ ദേവസഹായം പിള്ളയുടെ ശത്രുക്കളായി തൽഫലമായി 1949 ൽ അദ്ദേഹം തുറങ്കിലടക്കപ്പെട്ടു. വിദ്യാസമ്പന്നനും എല്ലാവിധ കായികഭ്യാസത്തിലും മുൻപന്തിയിലായിരുന്ന അദ്ദേഹത്തെ ഏറെ ഇഷ്ടപ്പെട്ടിരുന്ന രാജാവ് ക്രിസ്തുമതം ഉപേക്ഷിക്കുകയാണെങ്കിൽ എല്ലാവിധ ബഹുമതിയോടും കൂടി രാജാസദസ്സിൽ പ്രധാനമന്ത്രി ആയി സ്വീകരിക്കാം എന്ന് വാഗ്ദാനം ചെയ്തു. എന്നാൽ ക്രിസ്തുവിനെ പ്രതി എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിക്കുവാൻ തയാറായ അദ്ദേഹം ദൈവത്തെ തള്ളിപ്പറയാൻ തയാറാകാഞ്ഞതിനെ തുടർന്ന് ഏറെ ശാരീരിക പീഡനങ്ങൾ ഏൽക്കേണ്ടിവന്നു. ചരിത്രത്തിൽ തന്നെ വേറെ കാണുവാൻ സാധിക്കാത്ത അത്രയും കഷ്ടവും ദുരിതവും അദ്ദേഹം സഹിച്ചു.



www.malankaralibrary.com

വളരെ ദുർഗന്ധം വമിക്കുന്ന ഏരിക്കുംപൂമാല അദ്ദേഹത്തിന്റെ കഴുത്തിൽ അണിയിക്കുകയും എരുമയുടെ പുറത്ത് പിന്നോട്ട് ഇരുത്തി വഴിയിലൂടെ കൊണ്ടുപോകുകയും എരുമപ്പുറത്തു നിന്ന് വീഴുമ്പോൾ വഴിയിലൂടെ വലിച്ചിഴക്കുകയും ദിവസേന ഉള്ളംകാലിൽ 30 അടി വീതം അടിക്കുകയും ചെയ്യുമായിരുന്നു. കുരുമുളക് അരച്ച് ശരീരത്തിലെ മുറിവുകളിൽ തേക്കപ്പെട്ടപ്പോളൊക്കെയും കാൽവരിയിലെ യേശുവിന്റെ സഹനത്തോട് തന്റെ സഹനങ്ങളെ ചേർത്ത് വെച്ച ദൈവസഹായം പിള്ള 'ദൈവമേ സഹായത്തിനെത്തേണമേ ' എന്ന് മാത്രമേ പ്രാർത്ഥിച്ചിരുന്നുള്ളു. സൗമ്യമായ അദ്ദേഹത്തിന്റെ ഈ സഹനശക്തിയിലൂടെ അനേകം വിശ്വാസികളെ സഭക്കു ലഭിക്കുകയുണ്ടായി ഇതിൽ ഏറെ കുപിതനായ രാജാവ് ദേവസഹായം പിള്ളയെ കൊല്ലുവാൻ ഭടന്മാരോട് കല്പിച്ചു. കാൽവരിയിലെ ഈശോയുടെ കുരിശുയാത്രയെ അനുസ്മരിപ്പിക്കും വിധം പീഡകൾ നിറഞ്ഞതായിരുന്നു ദേവസഹായം പിള്ളയുടെ ആറുവമൊഴിയിലെ കാറ്റാടി മല വരെയുള്ള അന്ത്യയാത്ര.

വഴിയിൽ വെച്ച് ദാഹിച്ചു വെള്ളം ചോദിച്ച അദ്ദേഹത്തിന് ചെളി വെള്ളം കാട്ടികൊടുത്തപ്പോൾ അത് കുടിക്കുവാൻ യോഗ്യമല്ലാത്തതിനാൽ അവിടെ മുട്ടുകുത്തിനിന്നു വെള്ളത്തിനായി ദൈവത്തോട് പ്രാർത്ഥിക്കുകയും അവിടെ ഉണ്ടായിരുന്ന ഒരു പാറയിൽ കൈമുട്ടുകൊണ്ട് ഇടിക്കുകയും അപ്പോൾ ആ സ്ഥലത്തു നിന്നു ഒരു ഉറവ പുറപ്പെടുകയും ചെയ്തു.മുട്ടിടിച്ചാം പാറ എന്നറിയപ്പെടുന്ന ആ സ്ഥലത്തെ ഉറവ ഇന്നും വറ്റിയിട്ടില്ല എന്നുള്ളത് വലിയ അത്ഭുതമായി നിലനിൽക്കുന്നു, നിരവധി വിശ്വാസികൾ ഇവിടെ സന്ദർശിക്കുകയും രോഗ സൗഖ്യം നേടുകയും ചെയ്യുന്നു. വഴിനീളെ ഏറെ പീഡസഹിച്ചു അവശനായ അദ്ദേഹത്തെ കാൽവരി യാത്രയിൽ ക്രിസ്തുവിനെ വലിച്ചിഴച്ചതുപോലെ ഭടന്മാർ വലിച്ചിഴച്ചു.ഇനി ഒരാൾ പോലും ദേവസഹായം പിള്ളയുടെ മരണത്തെക്കുറിച്ചു സാംസരിക്കാതിരിക്കാനും ആ ഭൗതീക ശരീരം ആർക്കും ലഭിക്കാതിരിക്കാനും വേണ്ടി മഹാരാജാവ് വന്യ ജീവികൾ താമസിക്കുന്ന കാട്ടുപ്രദേശമായ സ്ഥലം ആ പുണ്യാൽമാവിനെ കൊല്ലുവാനായി തിരഞ്ഞെടുത്തു. .






ഭടന്മാർ തോക്ക് ചൂണ്ടി ക്രിസ്തുമതം ഉപേക്ഷിച്ച് നീലകണ്ഠപ്പിള്ളയായി തിരികെ വന്നാൽ അദ്ദേഹത്തെ വെറുതെ വിടാം എന്നു വാഗ്ദാനം ചെയ്തിട്ടും തന്റെ ദൈവത്തെ തള്ളിപ്പറയുവാൻ അദ്ദേഹം തയാറായിരുന്നില്ല.

അങ്ങനെ 1752 ജനുവരി 14 ൽ തന്റെ 40ആം വയസ്സിൽ ദേവസഹായം പിള്ള ഈശോയുടെ രക്തസാക്ഷിയായി. അദ്ദേഹം വെടി കൊണ്ട് മരിക്കുമ്പോൾ ഒരു വലിയ പാറകഷ്ണം അടർന്നുവീണ് വലിയ മണിനാദം മുഴങ്ങി ഒരു പള്ളിപോലുമില്ലാത്ത ആ സ്ഥലത്തു ഇങ്ങനെ ഒരു മണിനാദം കേട്ടു അനേകം ആളുകൾ ആ തഴവാരത്തിലേക് ഓടി അടുത്തു ആരും അറിയാതെ ഇരിക്കുവാനായി തിരഞ്ഞെടുത്ത സ്ഥലത്തേക്കാണ് ഇപ്രകാരം ആളുകൾ തടിച്ചുകൂടിയത്..അതിനാലാണ് ആ സ്ഥലം മണിയടിച്ചാംപാറ എന്നറിയപ്പെടുന്നത്.. ആ പാറ ഇന്നും അവിടെ നിലനിൽക്കുകയും അനേകം പാറകൾ അവിടെ ഉണ്ടെങ്കിലും ഈ പാറയിൽ നിന്ന് മാത്രം വ്യത്യസ്തമായ മണി ശബ്ദം അതിൽ കൊട്ടിയാൽ കേൾക്കുവാൻസാധിക്കും.അനേകം വിശ്വാസികൾക്കു രോഗ സൗഖ്യം ലഭിക്കുന്ന തീർത്ഥാടന സ്ഥലമായി ദൈവസഹായം പിള്ളയുടെ നാമത്തിലുള്ള ദേവാലയം സ്ഥിതിചെയുന്ന മണിയടിച്ചാം പാറ അഥവാ ആരുവമൊഴി കാറ്റാടി മല ഇന്ന് അറിയപ്പെടുന്നു.. ദേവസഹായം പിള്ളയുടെ ഭൗതീക ശരീരം അടക്കം ചെയ്തിരിക്കുന്നത് കോട്ടാർ രൂപതയിലെ സെന്റ്. സേവിയർസ് കത്തീഡ്രൽ പള്ളിയിലാണ്.2012 ജൂൺ 26 ന് അദ്ദേഹത്തെ ദൈവദാസനായും 2012 ഡിസംബർ 12 ന് വാഴത്തപെട്ടവരുടെ ഗണത്തിലേക്കും അദ്ദേഹത്തെ ഉയർത്തി.2022 മെയ് 15 ന് ക്രിസ്തുവിന്റെ ആ അനുയായിയെ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചു.ഭാരതത്തിന്റെ പ്രഥമ രക്തസാക്ഷിയായി അറിയപ്പെടുന്ന വിശുദ്ധ ദേവസഹായം പിള്ളയുടെ തിരുനാളായി ജനുവരി 14 തിരുസഭ ആചരിച്ചുവരുന്നു.

www.malankaralibrary.com





# ഞണ്ട് മസാല

ഷീബ സച്ചിൻ

**ചേരുവകൾ**

| | | |
|---|---|---|
| 1. | ഞണ്ട് (ഇടത്തരം) | : 6 എണ്ണം |
| 2. | സവാള ( ചെറുതായി അരിഞ്ഞത് ) | : 2 എണ്ണം |
| 3. | ചെറിയ ഉള്ളി (നീളത്തിൽ അരിഞ്ഞത്) | : 1/2 കപ്പ് |
| 4. | വെളുത്തുള്ളി (ചെറുതായി അരിഞ്ഞത്) | : 1 1/2ടേബിൾ സ്പൂൺ |
| 5. | ഇഞ്ചി (ചെറുതായി അരിഞ്ഞത്) | : 1 ടേബിൾ സ്പൂൺ |
| 6. | തക്കാളി (നീളത്തിൽ അരിഞ്ഞത്) | : 1 വലുത് |
| 7. | പച്ചമുളക് ( രണ്ടായി പിളർന്നത് ) | : 3 എണ്ണം |
| 8. | പിരിയൻ മുളകുപൊടി | : 1/2 ടേബിൾ സ്പൂൺ |
| 9. | മല്ലിപ്പൊടി | : 1 ടേബിൾസ്പൂൺ |
| 10. | മഞ്ഞൾപൊടി | : 1 ടീസ്പൂൺ |
| 11. | ഗരം മസാലപ്പൊടി | : 3/4 ടീസ്പൂൺ |
| 12. | കുടംപുളി | : 1 വലിയ കഷ്ണം |
| 13. | ഉപ്പ് | : പാകത്തിന് |
| 14. | കറിവേപ്പില | : 4 തണ്ട് |
| 15. | വെള്ളം | : 2 കപ്പ് |
| 16. | വെളിച്ചെണ്ണ | : 2 ടേബിൾ സ്പൂൺ |

**പാകം ചെയുന്ന വിധം**

1.ഒരു മൺചട്ടിയിൽ ഞണ്ട് കഷണങ്ങളാക്കിയതും, മല്ലിപ്പൊടി, മുളക്പൊടി, മഞ്ഞൾപ്പൊടി, ഗരംമസാലപ്പൊടി ,കുടംപുളി, ഉപ്പ് എന്നിവ ഒന്നിച്ചാക്കി 2 കപ്പ് വെള്ളമൊഴിച്ച് പാത്രം അടച്ചു വെച്ച് വേവിക്കുക.

2.ഞണ്ട് കഷണങ്ങൾ പാകത്തിന് വെന്ത് ചാറ് പകുതിയായി വറ്റി കഴിയുമ്പോൾ അടുപ്പിൽനിന്നു മാറ്റിവെക്കുക

3.മറ്റൊരു ചട്ടിയിൽ എണ്ണ ചൂടാക്കി വെളുത്തുള്ളി ഇഞ്ചി ചെറിയ ഉള്ളി സവാള പച്ചമുളക് എന്നിവ അതിന്റെ ക്രമമനുസരിച്ചു ചേർത്ത് വഴറ്റി മൂപ്പിക്കുക

4.ചേരുവകൾ ബ്രൗൺ നിറമായി തുടങ്ങുമ്പോൾ തക്കാളി കഷണങ്ങൾ ചേർത്ത് വഴറ്റുക

5.തക്കാളി കഷണങ്ങൾ വാടി കുഴഞ്ഞു തുടങ്ങുമ്പോൾ വേവിച്ച ഞണ്ട് ചാറോടുകൂടി ഇതിലേക്കു ചേർത്ത് കറിവേപ്പിലയും ചേർത്ത് ഇളക്കി യോജിപ്പിച്ച് ചെറുതീയിൽ വേവിക്കുക

6.ആവശ്യത്തിന് ചാറ് വറ്റി കുറുകി പാകമാകുമ്പോൾ അടുപ്പിൽ നിന്ന് മാറ്റുക

(ഞണ്ട് കഴുകി കയ്യും കാലും ഒടിച്ച് അതിന്റെ തോട് ഇളക്കി അകത്തെ ചകിരി കളഞ്ഞ് നടുക്ക് കാണുന്ന അഴുക്കും കളഞ്ഞ് രണ്ടായി മുറിച്ച് നന്നായി കഴുകി എടുക്കണം.
കട്ടിയുള്ള കൈകാലുകൾ തല്ലിയെടുത്തു തോട് കുറച്ച് കളഞ്ഞശേഷം ഇതിന്റെ കൂടെ ഇടാം)

www.malankaralibrary.com

# QUIZ

1. തിരുവനന്തപുരം മേജർ അതിഭദ്രസനത്തിന്റെ മധ്യസ്ഥൻ ആര്?
2. വി. ജോൺ പോൾ മാർപാപ്പ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ സന്ദർശിച്ച വർഷം?
3. മലങ്കര കത്തോലിക്കാ സഭയുടെ ആദ്യത്തെ ക്യൂരിയ മെത്രാൻ ആര് ?
4. 'അഗതികളുടെ അമ്മ' മദർ തെരേസയുടെ മദ്ധ്യസ്ഥതയിൽ സ്ഥാപിതമായ ഭദ്രാസനംഏത്?
5. 93 ആം പുനരൈക്യ വാർഷികത്തിന് ആതിഥേയത്വം വഹിക്കുന്ന ഭദ്രാസനം ഏത്?
6. ഏത് മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ ആണ് മലങ്കര കത്തോലിക്കാ സഭാ തലവൻ ആദ്യമായി പങ്കെടുത്തത്?
7. മലങ്കര കത്തോലിക്കാ സഭയിൽ മൂന്നാമത് സ്ഥാപിതമായ ഭദ്രാസനം ഏത്?
8. ഇന്ത്യക്കു പുറത്തു സ്ഥാപിതമായ മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ ഭദ്രാസനം ഏത്?
9. യുവജന കമ്മീഷന്റെ പുതിയ ചെയർമാൻ ആര്?
10. ഭാരത കത്തോലിക്കാ സഭയിലെ ആദ്യത്തെ അല്മായ വിശുദ്ധൻ ആര്?

**കഴിഞ്ഞ ലക്കത്തിലെ ചോദ്യാവലിയുടെ ഉത്തരങ്ങൾ**

1. 1599
2. ക്രിസ്തോ പാസ്തോരം പ്രിൻചിപ്പി
3. വിശുദ്ധ ഫ്രാൻസിസ് സേവിയർ
4. 2007 ജൂലൈ 15
5. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്
6. അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് , അഭിവന്ദ്യ ആൻറണി മാർ സിൽവാനോസ്
7. അഭിവന്ദ്യ ആൻറണി മാർ സിൽവാനോസ് :മേജർ ആർക്കി എപ്പിസ്കോപ്പൽ ക്യൂരിയ മെത്രാൻ
   അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ്: യുവജന കമ്മീഷൻ ചെയർമാൻ ,
8. മാർ തെയോഫിലോസ് ഫാദർ ജോൺ ഒ ഐ സി
   അലക്സാണ്ടർ ശെമ്മാശൻ
   ചാക്കോ കിളിലേത്ത്
9. ജനുവരി 1
10. വിശുദ്ധ അൽഫോൻസാമ്മ

## MCCL CORNER





*Art by* **Adon Ezra Ajish**
*Grade V*





*Art by* **Jeron P Jean**
*Grade 2*

www.malankaralibrary.com



# 'ധ്വനി' ദ്വൈമാസിക പ്രകാശനം ചെയ്തു





മുസ്സഫ: മലങ്കര യുവജനപ്രർത്ഥനക്കുട്ടായ്മയുടെ കർമ്മപദ്ധതിയുടെ ഭാഗമായ 'ധ്വനി' ദ്വൈമാസികയുടെ മുഖചിത്ര പ്രകാശനം ഓഗസ്റ്റ് 21 ന് വിശുദ്ധ കുർബാനക്ക് ശേഷം ഫാദർ മാത്യൂസ് ആലുമ്മൂട്ടിൽ, ആനിമറ്റർ ശ്രീമതി ലിജി സരുണിന് നൽകികൊണ്ട് നിർവഹിച്ചു. ഓഗസ്റ്റ് 29 ന് വിവിധ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ ധ്വനി ഓൺലൈൻ ദ്വൈമാസിക പ്രകാശനം ചെയ്തു. മലങ്കര കത്തോലിക്ക ഓൺലൈൻ ലൈബ്രറിയിൽ ഇവയുടെ പകർപ്പ് ലഭ്യമാണ്.

# 'സുകൃതം' പുനരൈക്യ ആഘോഷവും പ്രതിനിധി സമ്മേളനവും.

ഷാർജ:മലങ്കര സുറിയാനി കത്തോലി ക്ക സഭയുടെ 92 മത് പുനരൈക്യ വാർഷികത്തിന്റെ ഗൾഫ് തല ആഘോഷം സെപ്റ്റംബർ 16 ന് ഷാർജ സെന്റ് മൈക്കിൾസ് ദേവാലയത്തിൽ വെച്ച് നടത്തപെട്ടു. യു.എ. ഇ, ഖത്തർ, സൗദി അറേബ്യ, ഒമാൻ, കുവൈറ്റ്, ബഹ്റൈൻ എന്നീ രാജ്യങ്ങളുടെ സംയുകതമായ പങ്കാളിത്തതോടെ നടന്ന ആഘോഷത്തിൽ മലങ്കര കത്തോലിക്ക സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറോൻ മോർ ബസേലിയോസ് ക്ളീമിസ് കാതോലിക്കാ ബാവ സന്നിഹിതനായിരുന്നു. പതാക ഉയർത്തലോടെ ചടങ്ങുകൾ ആരംഭിക്കുകയും പിറവം മുനിസിപ്പൽ ചെയർപേഴ്സൺ മുഖ്യഥിതിയായ പ്രതിനിധി സമ്മേളനം ബാവ തിരുമേനി ഉൽഘാടനം ചെയ്തു. ഉച്ചക്ക് ശേഷം ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പോളിഹിൻഡർ പിതാവിന് യാത്രയയപ്പും മാർട്ടിനെല്ലി പിതാവിന് സ്വീകരണവും നൽകി.6 രാജ്യങ്ങളിൽ നിന്നുമായി 92പേർ ചേർന്ന് ആലപിച്ച പുനര്ഐക്യഗാനം പ്രേത്യേക ശ്രദ്ധ ആകർഷിച്ചു.





# പുനരൈക്യ വർഷികാഘോഷവും, സഭാസംഗമവും.



തിരുവല്ല: മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ 92 മത് പുനരൈക്യ ആഘോഷവും സഭാസംഗമവും സെപ്റ്റംബർ 21ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് പ്രാർത്ഥനനിർഭരമായി നടത്തപ്പെട്ടു. അത്യഭിവന്ദ്യ മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്ന് സഭയിലെ അഭിവന്ദ്യ പിതാക്കൻമാരുടെയും വൈദീകരുടെയും സഭാമക്കളുടെയും സാന്നിധ്യത്തിൽ സഭാസംഗമവും നടത്തി. സീറോ മലബാർ തലശ്ശേരി രൂപതധ്യക്ഷൻ ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ അനുഗ്രഹീത സാന്നിധ്യത്തിൽ നടന്ന സഭാസംഗമത്തിൽ വിവിധ മേഖലയിൽ സഭക്കും സമൂഹത്തിനും നന്മയുടെ വഴികാട്ടിനൽകിയവരെ ആദരിക്കുകയും, പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിലൂടെ സഭയുടെ ആതുരരംഗത്തുള്ള വരുംകാല പ്രതിബദ്ധതയെക്കുറിച്ചു അഭിവന്ദ്യ പിതാവ് പ്രതിപാദിക്കുകയും ചെയ്തു. മലങ്കര കത്തോലിക്ക സഭയുടെ ശതാബ്ദി ആഘോഷങ്ങൾക്ക് മുൻപായി വീടില്ലാത്ത എല്ലാ സഭാമക്കൾക്കും സ്വന്തമായി വീട് ഉറപ്പാക്കണം എന്നും അത്യഭിവന്ദ്യ ക്ളീമിസ് പിതാവ് ആഹ്വാനം ചെയ്തു.



തുടർന്ന് എം.സി. വൈ. എം സംഗമവും ഭക്തിനിർഭരമായ പ്രാർത്ഥനശുശ്രൂഷയും ആരാധനയും നടത്തുകയും 93 മത് പുനരൈക്യ അഘോഷം മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ നടത്തുവാനുമുള്ള പ്രഖ്യാപനത്തിനുശേഷം സമപനാശീർവാദത്തോടെ പുനരൈക്യ ആഘോഷം സമാപിച്ചു.

www.malankaralibrary.com



## സൺഡേ സ്കൂൾ പ്രവേശനോത്സവം നടത്തി





മുസ്സഫ: ദീർഘനാളത്തെ ഓൺലൈൻ ക്ലാസുകൾക്ക് ശേഷം മുസ്സഫ മലങ്കര കത്തോലിക്കാ സൺഡേ സ്കൂൾ കുട്ടികൾ മുഖാഭിമുഖമുള്ള വേദപഠന ക്ലാസുകൾക്ക് തുടക്കം കുറിച്ചു. ഒക്ടോബർ 17 ന് കാഴ്ചയർപ്പണത്തോടെ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു.തുടർന്ന് രക്ഷിതാക്കളും,അധ്യാപകരും,കുട്ടികളും ഒന്നിച്ചു ചേർന്ന് മീറ്റിംഗ് നടത്തുകയും തുടർന്ന് ഇടവക വികാരി *Fr.Maxim Cardoza* വേദപഠന ക്ലാസുകൾ ഔദ്യോഗികമായി ഉൽഘാടനം ചെയ്തു .*Fr.Mathews Alummootil* ശ്രീ ബിനു തോമസ് എന്നിവർ സംസാരച്ചു.

## എട്ടുനോമ്പ് ആചരിച്ചു

മുസഫ: പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാളിനോട് അനുബന്ധിച്ച് മുസഫ മലങ്കര കത്തോലിക്ക കൂട്ടായ്മ എട്ട് നോമ്പ് ഭക്തിയാദരപൂർവം കൊണ്ടാടി.MCCL, യുവജന പ്രാർത്ഥന കൂട്ടായ്മകൾ ,മാതൃസമാജം, സെന്റ്. സ്റ്റീഫൻസ് പ്രാർത്ഥന കൂട്ടായ്മകൾ എന്നിവയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും സന്ധ്യാ പ്രാർത്ഥനയും പരിശുദ്ധ ദൈവമാതാവിനോടുള്ള പ്രത്യേക മധ്യസ്ഥ പ്രാർത്ഥനയും നടത്തി. ഫ. മാത്യൂസ് ആലുംമൂട്ടിൽ സന്ദേശം നൽകി.

## യുവജനദിനാഘോഷവും നവാഗതർക്കു സ്വാഗതവും.







മുസഫ്ഫ : മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ഓർമ്മത്തിരുന്നാളിനോട് അനുബന്ധിച്ച് ഒക്ടോബർ 16 ആം തീയതി മുസ്സഫാ യുവജന പ്രാർത്ഥന കൂട്ടായ്മ യുവജനദിനമായി ആഘോഷിച്ചു. യുവജനങ്ങൾ ഭക്ത്യാദരവോടുകൂടി വി. കുർബാനയിലും കാഴ്ചയർപ്പണത്തിലും പങ്കെടുത്തു. യുവജന കൂട്ടായ്മയിലേക്ക് പുതുതായി കടന്നു വന്ന സ്റ്റീവ് ബിനു തോമസ്, ആഞ്ജലീന മറിയം എന്നിവരെ പ്രത്യേകമായി സ്വാഗതം ചെയ്തു. ബഹു. മാത്യൂസ് അലുംമുട്ടിൽ യുവജനദിന സന്ദേശം നൽകി.

## ജപമാല മാസാചരണം നടത്തി



മുസഫ: മാതൃ സമാജത്തിന്റെ നേതൃത്വത്തിൽ പരിശുദ്ധ ദൈവ മാതാവിന്റെ വണക്ക മാസത്തിനോട് അനുബന്ധിച്ച് എല്ലാ ദിവസവും 9 മണിക്ക് പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ജപമാല പ്രാർത്ഥനകൾ നടത്തി എല്ലാ ശനിയാഴ്ചകളിലും ഓൺലൈനായി മാതൃ സമാജത്തിന്റെയും, MCCL ന്റെയും യുവജന പ്രാർത്ഥന കൂട്ടായ്മയുടെയും, സെന്റ്. സ്റ്റീഫൻസ് പ്രയർ ഗ്രൂപ്പിന്റെയും നേതൃത്വത്തിൽ ജപമാല പ്രാർത്ഥന നടത്തി.

## പ്രാർത്ഥനാശംസകൾ



*Nisso Bava Sunny*
*Jiji V Thomas*

www.malankaralibrary.com



# 50th Wedding Anniversary

## C G Lukose & Mariyamma Lukose

**Best Compliments**
Jose Lukose, Bini Jose, Athul & Austin
Johncy Lukose, sangeeta Johncy, Abhiya,
Abeesha& Anoosha. George Rony Stephen,
Jincy Mariam Lukose, Jovak & Joveena.

# HAPPY 3rd Birthday



**ALVIN .S.A**
11.11.2019



**ANN MARIA**
27.10.2019

www.malankaralibrary.com










Coconut Lagoon
Restaurant & Catering L.L.C

**Coconut Lagoon Restaurant LLC Branch**
**Shabiya 11, Mussafah, Abu Dhabi.**
**Tel.: 02 584 2022, 02 584 2056 Mob: 050 818 9942**
**Email: branch@coconutlagoon.ae**

**Coconut Lagoon Restaurant LLC**
Behind KM, M-34, Mussafah, Abu Dhabi.
Tel.: 02 555 8255. Mob: 056 818 0052.

**Coconut Lagoon Cafe**
Life Care Hospital, M-24, Mussafah,
Abu Dhabi. Mob: 050 300 6270.

**Coconut Lagoon Cafe**
Burjeel Medical City - MBZ, Mussafah, Abu Dhabi.
Mob: 050 818 0593 / 054 751 6023.

**Coconut Lagoon Cafe**
Life Line Hospital (LLH), M-7, Mussafah,
Abu Dhabi. Mob: 050 300 6271

coconut lagoon    www.coconutlagoon.ae
coconutlagoon2530

zomato  deliveroo  eat easy

**WE UNDERTAKE**
**INDOOR & OUTDOOR CATERING EVENTS.**

South Indian | North Indian | Chinese | Tandoor & BBQ specialities